# അയൽസഭ

## കൈപ്പുസ്തകം

### ഉള്ളടക്കം


അവതാരിക

**ഡോ. എം.കെ മുനീർ**

ആമുഖം

1. കഴിഞ്ഞ 15 വർഷക്കാലത്തെ അനുഭവം

2 അയൽസഭ എന്ത്? എന്തിന്

3. അയൽസഭ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചിലകാര്യങ്ങൾ

4. അയൽസഭ രൂപീകരണ മുന്നൊരുക്കം

5. അയൽസഭയുടെ സംഘാടനവും ആദ്യയോഗവും

6. അയൽസഭ ഭരണസമിതിയുടെ ഘടന

7. അയൽസഭയും ഗ്രാമസഭയും

8. അയൽസഭയുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ

9. അയൽസഭയുടെ യോഗം

10. അയൽസഭയും ഉപസമിതികളും

11. അയൽസഭ- പ്രോജക്ടും ബഡ്ജറ്റും തയ്യാറാക്കൽ

12. അയൽസഭ സൂക്ഷിക്കേണ്ട രേഖകൾ

അനുബന്ധം

# അവതാരിക

## ഡോ. എം.കെ മുനീർ

ബഹു. പഞ്ചായത്ത് സമൂഹ്യനീതി വകുപ്പ് മന്ത്രി

**കേ**രളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നിരവധി പരീക്ഷണങ്ങളിലൂടെ, പരിവർത്തന വൈവിദ്ധ്യത്തിലൂടെ അനവധി നേട്ടങ്ങൾ കൈവരിച്ച് മുന്നേറുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി ഉയർത്താനും, ജനാതിപത്യത്തിന്റെയും, ജനപങ്കാളിത്തത്തിന്റെയും അടിസ്ഥാന ഘടകമായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ മാറ്റിയെടുക്കാനുമുള്ള ശ്രമങ്ങൾ തുടർന്ന് കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പഞ്ചായത്തിരാജ് നിയമത്തിന്റെ അടിസ്ഥാന ഘടകമായി നമുക്ക് വിശേഷിപ്പിക്കാവുന്നത് മൊത്തം പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം, സുതാര്യത, സാമൂഹ്യനീതി, അക്കൗണ്ടബിലിറ്റി എന്നിവയാണ്. നമ്മുടെ ഭരണത്തിൽ പ്രവർത്തനങ്ങളിൽ ഈ ഘടകങ്ങളിലെ ഏത് കുറഞ്ഞാലും ജനങ്ങൾക്ക് നമ്മോടുള്ള വിശ്വാസ്യത കുറയുകയും വികസനത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽ എത്തിച്ചേരുക അപ്രായോഗികമായിത്തീരുകയും ചെയ്യും. വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും, അധികാര വികേന്ദ്രീകരണത്തിന്റെയും ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുനിന്ന നാം പുറകിലേക്ക് പോകുന്നതിന് ഇത്തരത്തിൽ പലതും കാരണമായിട്ടുണ്ട് എന്ന് നാം മനസ്സിലാക്കണം. ഇപ്പോൾ നാം അവ തിരിച്ചറിഞ്ഞ് പരിഹരിച്ച് മുന്നേറുകയാണ്.

ഇത് കൂടുതൽ വേഗത്തിൽ മുന്നേറി ലോകത്തിന് മാതൃകയാകാൻ നമുക്ക് കഴിയണമെങ്കിൽ പഞ്ചായത്തിന്റെ ആസൂത്രണ, നിർവഹണ, ഭരണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വർദ്ധിക്കണം. അതിന് ഏറ്റവും നല്ല തലം ഗ്രാമസഭയാണ്. ഗ്രാമസഭയുടെ പങ്കാളിത്തം ഉയരണം - അത് കേവല പങ്കാളിത്തം എന്നതിനപ്പുറം, പങ്കാളിത്തം ഗുണപരവും, ഗണപരവും ആകണം. ആസൂത്രണത്തിലും നിർവഹണത്തിലും യഥാർഥ പങ്കാളിത്തം ഉണ്ടാവണം. പൊതുജനത്തിന് വികസന, ഭരണ, നിർവഹണ പ്രക്രിയകളിൽ അവരുടെ ഉത്തരവാദിത്വവും കർത്തവ്യവും നിർവഹിക്കാൻ അവസരമുണ്ടാകണം - അതിനായി അവർക്ക് പ്രവർത്തിക്കാൻ ഉതകുന്ന തരത്തിൽ വ്യക്തി മുതൽ പഞ്ചായത്തുതലം വരെ നീളുന്ന സംഘടനാ സംവിധാനം ഉണ്ടാവണം, അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ചും കടമയെക്കുറിച്ചും ബോധ്യപ്പെടുത്താൻ പ്രായോഗികപ്രവർത്തനത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാവണം. അതിനൊക്കെ അയൽസഭയുടെ പ്രവർത്തനം സഹായകമാകും. അയൽസഭ എന്നത് പെട്ടെന്ന് ഉദിച്ച ആശയമല്ല. പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വരുന്നതിന് മുൻപുതന്നെ അയൽക്കൂട്ടങ്ങൾ എന്ന പേരിൽ ഇവ ആരംഭിച്ചിരുന്നു. പിന്നീട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒട്ടേറെ പഞ്ചായത്തുകൾ അയൽക്കൂട്ടം എന്ന പേരിൽത്തന്നെ രൂപീകരിച്ചെങ്കിലും നിലനിർത്താനായില്ല. ഇവയുടെയൊക്കെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ജനാധിപത്യത്തെ, അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താൻ അയൽസഭകൾ എന്ന പേരിൽ ഈ സർക്കാർ ഗൈഡ്ലൈനിന്റെ ഭാഗമാക്കി ഇതിന് നിയമത്തിന്റെ പിൻതുണ നൽകിയത്. അയൽസഭയുടെ രൂപീകരണത്തിനും, പ്രവർത്തനത്തിനും ഏറെ സഹായകമായ രീതിയിലാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഈ കൈപ്പുസ്തകം ഇറക്കിയിട്ടുള്ളത്. ഇത് നിങ്ങളുടെ പഞ്ചായത്തിന് ഏറെ ഗുണം ചെയ്യും എന്ന് ഞാൻ വിശ്വസിക്കുന്നു.

# സന്ദേശം

**കെ.സി. ജോസഫ്**

മന്ത്രി, ഗ്രാമവികസനം-ആസൂത്രണം-സാംസ്കാരികം-നോർക്ക വകുപ്പ്, കേരളം

**കേ**രളത്തിലെ പഞ്ചായത്തിരാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് അതിവിശാലമായ ജനകീയപങ്കാളിത്തം അനിവാര്യമാണ്. പ്രാദേശികസർക്കാരുകൾക്ക് മാത്രമല്ല, എല്ലാ തലത്തിലെ ഭരണസംവിധാനത്തെയും ശക്തിപ്പെടുത്താൻ അത് സഹായകമാകും. ഭരണത്തിൽ, വികസനത്തിൽ, ക്ഷേമപ്രവർത്തനത്തിൽ - അവയുടെ ആസൂത്രണത്തിലും നിർവഹണത്തിലും വിലയിരുത്തലിലും മോണിറ്ററിങ്ങിലും നിസ്തുലമായ നേട്ടം പങ്കാളിത്തംവഴി ഉണ്ടാവും. ഇത് പ്രവർത്തനങ്ങൾ സ്ഥായിയാക്കുന്നതിനും ദീർഘവീക്ഷണമുള്ളതാക്കുന്നതിനും കാരണമാകും. ജനത്തിന് ക്രിയാത്മകമായി പങ്കാളികളാകാൻ കഴിയണമെങ്കിൽ അതിന് കൃത്യമായ സംഘടനാസംവിധാനം അനിവാര്യമാണ്. അതിന് അയൽസഭകൾ വളരെ ഫലപ്രദമാകും എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ ഇത് 12-ാം പദ്ധതി മാർഗരേഖയുടെ ഭാഗമാക്കിയത്. അയൽസഭ രൂപീകരിക്കുന്നതിനും നടത്തിപ്പിനും ഈ കൈപ്പുസ്തകം വളരെ സഹായകമാകും. അസോസിയേഷന്റെ ഈ ഉദ്യമത്തെ പ്രശംസിക്കുന്നതോടൊപ്പം ഇത് നിങ്ങൾക്ക് വളരെ ഉപകാരപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

## സന്ദേശം

### പ്രൊഫ. എം.എ. ഉമ്മൻ

പ്രസിദ്ധ രാഷ്ട്രവിജ്ഞാനമീമാംസകനായ ജോൺ സ്റ്റൂവർട്ട്മില്ലിന്റെ അഭിപ്രായത്തിൽ ജനാധിപത്യ മെന്നാൽ **"ചർച്ചകളിലൂടെയുള്ള സർക്കാർ"** എന്ന് നിർവചിച്ചിട്ടുണ്ട്. വർത്തമാനകാല ജനാധിപത്യ ത്തിന്റെ മുഖമുദ്രയായ പ്രാതിനിധ്യ ജനാധിപത്യത്തിൽ ഈ പ്രക്രിയ ഫലപ്രദമായി നടക്കുന്നില്ല. കേര ളത്തിലെ വികേന്ദ്രീകൃത ജനാധിപത്യം ചർച്ചകൾക്ക് ഒത്തിരി പ്രാധാന്യം നൽകുന്നു. ഗ്രാമസഭകൾക്ക് വളരെ മുഖ്യമായ പ്രാധാന്യം കൽപിക്കുന്നുണ്ടെങ്കിലും പലയിടങ്ങളിലും അത് കേവലം നാമമാത്രപ്ര വൃത്തി മാത്രമായിത്തീരുന്നുവെന്നു ശക്തമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാർഡിലും താഴെത്തലത്തിൽ ഏതാണ്ട് 100 കുടുംബങ്ങളെ വരെ സംഘടിപ്പിച്ചുകൊണ്ടുള്ള **അയൽ സഭാ** സംവിധാനം രൂപികരിക്കുവാനും അവയുടെ വിശദാംശങ്ങൾ രൂപകല്പന ചെയ്യാനും ഗ്രാമപഞ്ചാ യത്ത് അസോസിയേഷൻ മുൻകൈയെടുത്തത് എല്ലാ വിധത്തിലും പ്രശംസനീയമായ ഒരു ചുവടുവ യ്പാണ്. ജനാധിപത്യത്തിന്റെ ഭാവിയെകുറിച്ച് ആശങ്കപ്പെടുന്നവർക്ക് ശുഭോദർക്കമായ സംഗതി തന്നെ യാണ്. ഈ സംരംഭത്തിന് എന്റെ അകമഴിഞ്ഞ ആശംസകളും പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

# ആമുഖം

**ഇ**ന്ത്യാ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട നിയമനിർമ്മാണങ്ങളിൽ സുപ്രധാനമാണ് 73, 74 ഭരണഘടനാ ഭേദഗതികൾ. മഹാത്മാ ഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് എന്ന ആശയം, അതുപോലെ, നിങ്ങൾ വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ ദരിദ്രനിൽ ദരിദ്രന്റെ മുഖം ഉണ്ടാവണം എന്ന മഹാത്മജിയുടെ ചിന്ത എന്നിവ പ്രാവർത്തികമാക്കാൻ ഉതകുന്നതാണ് പഞ്ചായത്തിരാജ്, നഗരപാലിക നിയമങ്ങൾ. കേരള പഞ്ചായത്തിരാജ് അനുസരിച്ച് കൂടുതൽ അധികാരവും, ഉത്തരവാദിത്വങ്ങളും, പണവും അത് നടപ്പിലാക്കാനുള്ള ഉദ്യോഗസ്ഥരേയും, സ്ഥാപനങ്ങളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി. ഓരോ കടുംബ ത്തെയും വ്യക്തിയെയും പ്രദേശത്തിനെയും കണ്ട്, പ്രശ്നങ്ങളും ആവശ്യങ്ങളും തിരിച്ചറിഞ്ഞ് അതിനനഗുണമായ പ്രവർത്തനങ്ങളിലൂടെ സുസ്ഥിരവും ദീർഘവീക്ഷണവുമുള്ള വികസനം സാധ്യമാക്കുക വഴി മഹാത്മജിയുടെ സ്വപ്നങ്ങൾ സാക്ഷാത്ക രിക്കാനുള്ള നമ്മുടെ അവസരം കൂടിയായി നാം ഇതിനെ കാണണം. എന്നാൽ ഇത്രയൊന്നും അധികാരവും പണവും ലഭിക്കാത്ത സംസ്ഥാനങ്ങൾ നമ്മെ പിൻതള്ളി മുന്നിലേക്ക് എത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ ചിന്തകൾക്കും പുത്തൻ ആശയരൂപീകരണത്തിനും ഒപ്പം അത് പ്രാവർത്തികമാക്കുന്ന തലത്തിലും നാം കഠിനാധ്വാനം നടത്തേണ്ടതുണ്ട്. അതിന് കൂട്ടായ പരിശ്രമം അനിവാര്യമാണ്. പഞ്ചായത്തുകളുടെ അത്തരത്തിലുള്ള ഏതു ശ്രമത്തിനും സഹായകമായ രീതിയിൽ അസോസിയേഷൻ പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണ്.

ആസൂത്രണത്തിലും നിർവഹണത്തിലും ഭരണത്തിലും സുതാര്യതയും പങ്കാളിത്തവും സാമൂഹ്യനീതിയും അക്കൗണ്ടബിലിറ്റിയും അതിന്റെ യഥാർത്ഥ അർത്ഥത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയണം. എങ്കിലേ നാം വിഭാവനം ചെയ്യുന്ന തരത്തിൽ വികസനം സാധ്യമാകൂ, അത് സ്ഥായിയാകൂ. ദീർഘവീക്ഷണമുള്ള 12-ാം പദ്ധതി മാർഗ്ഗരേഖവഴി സർക്കാർ നമുക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യവും അധികാരവും നൽകുന്നു എന്നത് നമ്മുടെ ഉത്തരവാദിത്വവും വർദ്ധിപ്പിക്കും എന്ന സത്യം നാം വിസ്മരിച്ചുകൂട. പൊതുജന പങ്കാളിത്തം ഉയർത്താനും, അവരുടെ ഉത്തരവാദിത്വം വിനിയോഗിക്കാനും കഴിയണമെങ്കിൽ കൃത്യമായി പ്രവർത്തിക്കുന്ന ഒരു സംഘടനാസംവിധാനം ഗ്രാമസഭയ്ക്കു കീഴിൽ പഞ്ചായത്തുകളിൽ ഉണ്ടാവണം.

ഒൻപതാം പദ്ധതി മുതൽതന്നെ കേരളത്തിൽ നിരവധി പഞ്ചായത്തുകൾ ശരാശരി 50 വീടുകൾ ചേർത്ത് അയൽക്കൂട്ടങ്ങൾ എന്ന പേരിൽ ഒരു സംഘടനാസംവിധാനത്തിന് രൂപം നൽകിയിരുന്നു. എന്നാൽ അത് നിയമമാകുന്നത് 12-ാം പദ്ധതി ഗൈഡ്ലൈനിൽ അയൽസഭ എന്ന പേരിൽ അതിന് വേണ്ട പരിഗണന ലഭിച്ചപ്പോഴാണ്.

അയൽസഭയ്ക്ക് രൂപംനൽകുന്നത് മുതൽ അതിനുവേണ്ട പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത് വരെ എന്തൊക്കെ ചെയ്യണം, എന്തൊക്കെ ശ്രദ്ധിക്കേണ്ടതുണ്ട് എന്നതാണ് ഈ കൈപ്പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇത് തയ്യാറാക്കിയിട്ടുള്ളത് കഴിഞ്ഞ പതിനഞ്ച് വർഷക്കാലയളവിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച സ്ഥലങ്ങളിലെ നേട്ടകോട്ടങ്ങൾ, പ്രവർത്തനം, സംഘാടനം എന്നിവ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ്. അത് പ്രയോഗത്തിൽ കൊണ്ടുവരുന്നതിനായി നിങ്ങൾക്ക് സമർപ്പിക്കുന്നു.

**പി.റ്റി മാത്യു**
പ്രസിഡന്റ്

**സൂപ്പിരിക്കാട്ടേരി**
ജനറൽ സെക്രട്ടറി

# 1. കഴിഞ്ഞ 15 വർഷക്കാലത്തെ അനുഭവം

**ക**ഴിഞ്ഞ 15 വർഷക്കാലം പരിശോധിക്കുകയാണെങ്കിൽ പഞ്ചായത്തുകൾ പങ്കാളിത്തം ഉറപ്പിക്കുന്നതിന് ഒട്ടനവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അത്തരം ശ്രമങ്ങളിൽ ശ്രദ്ധേയമായത് അയൽക്കൂട്ട രൂപീകരണവും അവയുടെ പ്രവർത്തനങ്ങളുമാണ്. പഞ്ചായത്തുകൾ സ്വന്തം നിലയിൽ ശരാശരി 50 വീടുകളുടെ അയൽ ക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ചു. ഇതിന്റെ രൂപീകരണവും പ്രവർത്തനങ്ങളും കൊണ്ട് നിരവധി നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും അവ നിലനിർത്താനായില്ല. അയൽസഭ രൂപീകരിക്കുമ്പോൾ അയൽക്കൂട്ടങ്ങളുടെ മുൻകാല അനുഭവങ്ങളും നേട്ടകോട്ടങ്ങളും വിലയിരുത്താതെ പോകുന്നത് ഒരു പ്ര വൃത്തിയുടെ തുടർച്ച എന്ന നിലയിൽ ഇതിനേയും ബാധിക്കും. എന്തായിരുന്നു കഴിഞ്ഞ 15 വർഷക്കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളുടെ നേട്ടങ്ങൾ എന്നും, എന്തുകൊണ്ട് ഇവ നിലനിന്നില്ല എന്നും നോക്കാം.

**നേട്ടങ്ങൾ**

1. ഗ്രാമസഭയുടെ പങ്കാളിത്തം ഉയർത്താൻ, പ്രാദേശിക പ്രശ്നങ്ങൾ കൂടുതലായി ഗ്രാമസഭയിൽ എത്തിക്കാൻ, ഗ്രാമസഭയുടെ അറിയിപ്പ്, പ്രചരണം എന്നിവ അതിവേഗത്തിലും എല്ലായിടത്തും എത്തി എന്ന് ഉറപ്പ് വരുത്താനും അയൽക്കൂട്ടങ്ങൾ നിർണ്ണായക പങ്കാണ് വഹിച്ചത്.
2. ഗുണഭോക്തൃസമിതി രൂപീകരണത്തിൽ പ്രാദേശികമായി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിൽ സോഷ്യൽ ആഡിറ്റ് നടത്തുന്നതിൽ അയൽക്കൂട്ടങ്ങൾ അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്.
3. സന്നദ്ധപ്രവർത്തന സമാഹരണത്തിൽ, വിഭവസമാഹരണത്തിൽ ഒക്കെ അയൽക്കൂട്ടങ്ങൾ വളരെ സഹായകമായിരുന്നു.
4. പ്രാദേശിക തർക്കങ്ങൾ തീർക്കുന്നതിൽ, പ്രാദേശിക വിവരശേഖരണത്തിൽ, അയൽക്കൂട്ട പ്ലാനുകൾ രൂപീകരിക്കുകവഴി ആസൂത്രണരംഗത്തും അയൽക്കൂട്ടങ്ങൾ നിസ്തുല പ്രവർത്തനം നടത്തിയിട്ടുണ്ട്.
5. നിർവഹണത്തിൽ വേണ്ട സഹായം, അധിക വിഭവ സമാഹരണം, നിർവഹണ ഗുണമേന്മ വർദ്ധിപ്പിക്കൽ, പൊതുജന വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ശരിയായ പങ്കാളിത്തം ഉറപ്പാക്കൽ തുടങ്ങിയവയിലൊക്കെ ഈ അയൽക്കൂട്ടങ്ങൾ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

**എന്തുകൊണ്ട് നിലനിർത്താനായില്ല?**

വിവിധ പഞ്ചായത്തുകളിൽ വ്യത്യസ്ത രീതിയിലാണ് അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ രൂപീകരിച്ച ബഹു ഭൂരിപക്ഷം പഞ്ചായത്തുകളിലും ഇവ നിലനിർത്താനായില്ല, എന്താണ് അതിന്റെ കാരണങ്ങൾ എന്ന് നോക്കാം.

1. അയൽക്കൂട്ടങ്ങൾക്ക് നിയമപിൻബലം ഉണ്ടായിരുന്നില്ല.
2. ഗ്രാമസഭയ്ക്ക് താഴെയുള്ള അംഗീകൃത സംഘടനാസംവിധാനമായി ഇവയെ കണ്ടില്ല. അതിനാൽ ആസൂത്രണത്തിന്റെയും നിർവഹണത്തിന്റേയും പ്രവർത്തനത്തിൽ ഇവയ്ക്ക് വേണ്ട പ്രാധാന്യം ഉണ്ടായിരുന്നില്ല.
3. ഇവക്ക് പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. വാർഡ് മെമ്പറോ പഞ്ചായത്തോ പറയുമ്പോൾ മാത്രം കൂടുന്ന, അല്ലെങ്കിൽ പഞ്ചായത്തിന്റെ നിർദ്ദേശം അനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന ഇടമാക്കിമാറ്റി.
4. വാർഡിലും പഞ്ചായത്തിലും ഇവയുടെ പ്രവർത്തനങ്ങളുടെ കോഡിനേഷനും പിൻതുണനൽകാൻ വേണ്ട പ്രവർത്തനങ്ങളും കൃത്യമായി നടത്തിയില്ല.
5. കുടുംബശ്രീ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബ്ബുകൾ തുടങ്ങിയ സാമൂഹ്യ സംഘടനാസംവിധാനങ്ങളെ ഇതുമായി ബന്ധിപ്പിച്ചിരുന്നില്ല.
6. ഇവയുടെ പ്രവർത്തനത്തിന് കൃത്യമായ മാർഗ്ഗനിർദ്ദേശം ഉണ്ടായിരുന്നില്ല.
7. പഞ്ചായത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രക്രിയയിൽ ഇവർക്ക് പങ്കാളിത്തം ഉണ്ടായിരുന്നില്ല. ഇത് ക്രമേണ അവരിൽ അസ്വസ്ഥത ഉയർത്താനും കൂടാതിരിക്കാനും കാരണമായി.
8. ഭരണം മാറിയപ്പോൾ തുടർച്ച നഷ്ടപ്പെട്ടു.

9. ഇതിനെ ഒരു ഭരണയൂണിറ്റായി, വികസനയൂണിറ്റായി കണ്ടുകൊണ്ട് പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിരുന്നില്ല.
10. പഞ്ചായത്ത് ഭരണസമിതിയുടെ മൊത്തം പ്രവർത്തനം എന്നതിനപ്പുറം ഏതാനും വ്യക്തികളുടെ താൽപര്യം കൊണ്ട് മാത്രം പ്രവർത്തിക്കുന്ന സംവിധാനം മാത്രമായിപ്പോയി.

ഇത്തരത്തിൽ നീളുന്ന പ്രശ്നങ്ങൾകൂടി പരിഗണിച്ച് കൊണ്ടായിരിക്കണം. അയൽസഭകളുടെ രൂപീകരണ നിർവഹണത്തെക്കുറിച്ച് ആലോചിക്കാൻ.

## 2. അയൽസഭ എന്ത് എന്തിന്?

**അ**യൽസഭ എന്ത്? എന്തിന്? എന്ന് നാം ചിന്തിക്കുന്നതിന് മുൻപ് ഇത്തരത്തിൽ ഒരു സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് നാം ചർച്ച ചെയ്യണം. ആ ചർച്ചയിലേക്ക് എത്തണമെങ്കിൽ പഞ്ചായത്തിരാജിനെക്കുറിച്ച്, അതിലെ പങ്കാളിത്തത്തെക്കുറിച്ച് പൊതുജനത്തിന്റെ ചിന്താഗതി എന്താണെന്നുകൂടി നാം നോക്കണം.

- എല്ലാം പഞ്ചായത്ത് ചെയ്തുതരണം അത് അവരുടെ ഉത്തരവാദിത്വമാണ്.
- ഒരു പട്ടി ചത്തുകിടന്നാൽപ്പോലും അത് നീക്കം ചെയ്യേണ്ടത് പഞ്ചായത്താണ് നമുക്ക് ഉത്തരവാദിത്വമില്ല എന്ന മനോഭാവം.
- പൊതുമുതൽ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനും പഞ്ചായത്തുകൾക്കുമാണ്, അതിൽ ജനങ്ങൾക്ക് ഒരു ഉത്തരവാദിത്വവുമില്ല എന്ന ധാരണ. അത് ഞങ്ങളുടേതാണ് എന്ന് ചിന്തിക്കാൻ കഴിയുന്നില്ല.
- പഞ്ചായത്തിനു വേണ്ടി എന്ത് ചെയ്താലും ഞങ്ങൾക്ക് പണം കിട്ടണം. സന്നദ്ധ പ്രവർത്തനത്തിനൊന്നും വയ്യ. എന്നാൽ ഇതേസമയം ഗ്രന്ഥശാല, ആരാധനാലയങ്ങൾ, ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്ക് വിഭവസമാഹരണവും, സന്നദ്ധപ്രവർത്തനവും നടത്തുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.
- പ്രദേശത്തിന്റെ വികസനം എന്നതിനേക്കാൾ വ്യക്തി താൽപര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം.
- പഞ്ചായത്തിൽ നിന്നും എന്ത് കിട്ടും.
- ഇതൊക്കെ ആനുകൂല്യം പറ്റുന്നവരുടെ ഏർപ്പാടാണ്. അതിന് പോകുന്നത് തന്നെ കുറച്ചിലാണ്.
- ഗ്രാമസഭയിലെ സമയക്കുറവ്, അവിടുത്തെ തീരുമാനങ്ങൾ ഒന്നും നടപ്പിലാക്കുന്നില്ല, അവിടെ പഞ്ചായത്ത് തീരുമാനിച്ച് കുറേ കാര്യം പറയും, അതേ നടക്കൂ, പിന്നെന്തിന് പങ്കെടുക്കണം.
- ഇതൊക്കെ പണം തട്ടാനുള്ള ചില ഏർപ്പാടുകളല്ലേ.

ഇത്തരത്തിൽ നീളുന്നു പൊതുജനത്തിന്റെ ചിന്താഗതി. ഇത്തരത്തിലുള്ള പൊതുജനത്തിന്റെ മനോഭാവം മാറ്റിയെടുക്കാൻ അയൽസഭയുടെ പ്രവർത്തനങ്ങൾ വഴി കഴിയണം. എങ്കിലേ ശരിയായ വികേന്ദ്രീകൃതവികസനം സാധ്യമാകൂ. ഇതേസമയം ഒരുവിഭാഗം ഭരണാധികാരികളുടേയും ഉദ്യോഗസ്ഥരുടേയും ചിന്താഗതി എന്ത് എന്നുകൂടി നോക്കാം. അതും ഇതിന്റെ പ്രവർത്തനം കാര്യക്ഷമവും സമഗ്രവുമാക്കാൻ സഹായകമാകും.

- ആകെ തിരക്കാണ്, അതിനിടയിൽ ആളുകളെ പങ്കെടുപ്പിച്ച് ഇതൊന്നും നടക്കില്ല.
- പങ്കാളിത്തം എന്ന് പറയുന്നത് ഒരു പാഴ്പണിയാണ്, അവിടെ നടത്താൻ പറ്റാത്ത കുറെ നിർദ്ദേശങ്ങൾ പറയും. ചെയ്യാൻ കഴിയില്ലെങ്കിൽ പിന്നെ അത് പൊല്ലാപ്പ് ആകും.
- വർക്കിംഗ് ഗ്രൂപ്പൊക്കെ പേരിനു രൂപീകരിക്കാം എന്നേയുള്ളൂ ഫലത്തിൽ പണിയെടുക്കാൻ ആരെയും കിട്ടില്ല.
- പങ്കാളിത്തത്തിന്റെ പേരിൽ പൊതുജനത്തെ കൂടുതൽ അടുപ്പിച്ചാൽ ഭരണസമിതിയുടെ മേക്കിട്ട് കയറാൻ തുടങ്ങും.
- സന്നദ്ധപ്രവർത്തനത്തിനൊന്നും ഇപ്പോൾ ആരും തയ്യാറല്ല. പിന്നെ മാർഗ്ഗരേഖയിൽ പറഞ്ഞതുകൊണ്ട് ഇതൊക്കെ ഒരു ചടങ്ങായി നടത്താം. അത്രതന്നെ.

പൊതുജനത്തിന്റെ ഇടയിൽനിന്നും ഭരണാധികാരകളുടെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരത്തിൽ അഭിപ്രായങ്ങൾ ഉയർന്നുവരുന്നത് സ്വാഭാവികമായും അവരുടെ അനുഭവത്തിൽ നിന്നാണ്. എന്നാൽ ഇത്തരം ചിന്താഗതികൾക്ക് മാറ്റം വരുത്താനും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയില്ലെങ്കിൽ പ്രതിദിനം നമ്മുടെ പ്രവർത്തനങ്ങൾ പിന്നോക്കം പോകും. ഇതിന് ശ്വാശ്വതപരിഹാരം എന്ന നിലയിൽ നമുക്ക് അയൽസഭകൾ ഉപയോഗിക്കാൻ കഴിയുമെന്ന് 15 വർഷത്തെ അനുഭവം തെളിയിക്കുന്നു. കാരണം എന്റെ ഭരണകാലത്ത് വികസനം വേണ്ട എന്നും എന്റെ ഭരണകാലത്ത് ഉണ്ടായ വികസനം എനിക്ക് ശേഷവും നിലനിൽക്കണ്ട, പൊതുജന അംഗീകാരം വേണ്ട എന്നും ചിന്തിക്കുന്ന ഒരു ജനപ്രതിനിധിയും ഉണ്ടാവില്ല. എന്നാൽ സുസ്ഥിരവികസനവും ക്ഷേമവും പ്രശ്നരഹിതസമൂഹവും സാധ്യമാകണമെങ്കിൽ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും വയോജനങ്ങൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ ചെറുക്കാൻ മെച്ചപ്പെട്ട ജീവിതസാഹചര്യം ഒരുക്കാൻ കഴിയണമെങ്കിൽ കൂട്ടായ്മയും പങ്കാളിത്തവും അനിവാര്യമാണ്. ഇത്തരം കൂട്ടായ്മയും പങ്കാളിത്തവും ഉറപ്പാക്കാൻ, ഫലവത്താക്കാൻ എന്തുമാർഗം എന്നാണ് നാം ചിന്തിക്കേണ്ടത്. അതിനായി പൊതുജനത്തെ പ്രേരിപ്പിക്കുകയും അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ അവസരമൊരുക്കുകയുമാണ് വേണ്ടത്. ഇത്തരം പ്രവർത്തനങ്ങളിൽ പൊതുജനത്തിന് അതിയായ താത്പര്യം ഉണ്ട് എന്നതാണ് നമ്മുടെ അനുഭവം തെളിയിക്കുന്നത്. അതിനുവേണ്ടി അയൽസഭയെ നമുക്ക് ഫലവത്തായി ഉപയോഗിക്കാം.

**എന്താണ് അയൽസഭ എന്ന് നോക്കാം**

ഭൂപ്രകൃതി അനുസരിച്ച് തൊട്ടടുത്ത് വരുന്ന പരമാവധി 100 വീടുകളുടെ കൂട്ടത്തെ അയൽസഭ എന്ന് വിളിക്കാം.

## 3. അയൽസഭ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചിലകാര്യങ്ങൾ

1. ഒരു വാർഡിനുള്ളിൽ നിൽക്കുന്ന തരത്തിലാവണം അയൽസഭകൾ രൂപീകരിക്കാൻ. രണ്ട് വാർഡുകൾ ചേർന്ന് ഒരു അയൽസഭ വരരുത് എന്നർത്ഥം.
2. അയൽസഭ രൂപീകരിക്കുമ്പോൾ ഭൂപ്രകൃതി പരിഗണിക്കുന്നതോടൊപ്പം കഴിവതും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുറിഞ്ഞ് പോകാതെ നോക്കണം.
3. ഒരു പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് വീടുകളുടെ എണ്ണം കുറക്കേണ്ടിവന്നാൽ കുറക്കാം എന്നാൽ 100ൽ കൂടിപ്പോകരുത്.
4. ഒരു വീടിനെപ്പോലും ഒഴിവാക്കി അയൽസഭ രൂപീകരിക്കരുത്.
5. ഒരു വാർഡിൽ വരുന്ന പൊതുസ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, അവരുടെ സ്ഥലം എന്നിവയും അതത് അയൽസഭകളുടെ ഉള്ളിൽ വരത്തക്ക രീതിയിൽ വേണം അയൽസഭകളുടെ അതിർത്തി നിശ്ചയിക്കാൻ.
6. അയൽസഭയുടെ അതിർത്തി തീരുമാനിച്ചശേഷമാണ് അതിനകത്ത് വരുന്ന വീടുകളുടെ നമ്പർ തിട്ടപ്പെടുത്തേണ്ടത്. അല്ലെങ്കിൽ ഭൂപ്രകൃതി അനുസരിച്ച് അടുത്തടുത്ത വീടുകൾ ആവണമെന്നില്ല.
7. അയൽസഭയുടെ അതിർത്തി കൃത്യമായി നിശ്ചയിക്കണം. മൊത്തം അയൽസഭകൾ നിശ്ചയിച്ച് കഴിയുമ്പോൾ വാർഡിലെ ഒരു തുണ്ട് ഭൂമിപോലും ഒഴിവാക്കപ്പെടരുത്. നദികളും, തോടുകളും, റോഡും, പാലവും ഒക്കെ അതത് അയൽസഭയുടെ ഭാഗമായിരിക്കണം എന്നർത്ഥം.

# 4. അയൽസഭ രൂപീകരണ മുന്നൊരുക്കം

അയൽസഭ രൂപീകരിക്കുമ്പോൾ കൃത്യമായ ആസൂത്രകണവും മുന്നൊരുക്കവും അനിവാര്യമാണ്. എന്തൊക്കെമുന്നൊരുക്കങ്ങളാണ് വേണ്ടത് എന്ന് നോക്കാം:-

1. പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് എല്ലാവാർഡിലും അയൽസഭ രൂപീകരിക്കാൻ തീരുമാനിക്കണം.
2. അയൽസഭ രൂപീകരണത്തിന്റെ മൊത്തം സംഘാടന നേതൃത്വം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ഏൽപ്പിക്കണം.
3. ഭരണസമിതിയിൽ - രൂപീകരണം, സംഘാടനം എന്നിവ സംബന്ധിച്ച് കൃത്യമായ ചർച്ച നടത്തി എല്ലാജന പ്രതിനിധികൾക്കും ആശയവ്യക്തത ഉണ്ടാക്കണം. എല്ലാ ജനപ്രതിനിധികൾക്കും അയൽസഭ രൂപീകരണം സംബന്ധിച്ച ഈ കൈപ്പുസ്തകം ലഭ്യമാക്കണം.
4. അയൽസഭ രൂപീകരണത്തിലേക്ക് ആളുകളെ ക്ഷണിക്കാൻ പഞ്ചായത്ത് പ്രസിഡന്റിന്റേയും വാർഡ് മെമ്പറിന്റേയും സംയുക്ത കത്ത് പഞ്ചായത്തിൽ നിന്നും തയ്യാറാക്കി നൽകണം.
5. അയൽസഭ രൂപീകരണം കഴിഞ്ഞാൽ അവിടെ രൂപീകരിക്കുന്ന കമ്മിറ്റിയുടെ വിവരം എഴുതിതയ്യാറാക്കി പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാൻ ഫോമുകൾ തയ്യാറാക്കി മെമ്പർമാരുടെ പക്കൽ നൽകണം. അനുബന്ധം(1)
6. അയൽസഭ രൂപീകരണം പഞ്ചായത്ത് തലത്തിൽ പൂർത്തിയാക്കാനുള്ള തീയതി ഭരണസമിതി കൂടുമ്പോൾതന്നെ തീരുമാനിക്കണം.
8. ഒരു നിശ്ചിത സമയത്തിനുള്ളിൽ എല്ലാ വാർഡിലും അയൽസഭ രൂപീകരണവുമായി ബന്ധപ്പെട്ട് സംഘാടകസമിതി രൂപീകരിക്കാൻ തീരുമാനിക്കണം.
9. സംഘാടക സമിതിയിൽ ചുവടെ കൊടുത്തിട്ടുള്ള ആളുകളെ ക്ഷണിക്കണം
   - വിവിധ രാഷ്ട്രീയപാർട്ടി, സന്നദ്ധസംഘടന പ്രതിനിധികൾ
   - റസിഡൻഷ്യൽ അസോസിയേഷൻ പ്രതിനിധികൾ
   - എ.ഡി.എസ്. ഭരണസമിതി
   - അങ്കൺവാടി വർക്കർമാർ
   - സ്ഥാപന പ്രതിനിധികൾ
   - ഈ പ്രവർത്തനത്തെ സഹായിക്കാൻ കഴിയുന്നവർ.
10. ഒരു വാർഡിൽ നിന്നും വാർഡ് മെമ്പർ അടക്കം 5 പേരെ വീതം വിളിച്ച് പഞ്ചായത്ത് തലത്തിൽ പരിശീലനം സംഘടിപ്പിക്കണം. പരിശീലന വിഷയങ്ങൾ അനുബന്ധം 2 കാണുക.
11. സംഘാടക സമിതിയോഗം ചേരുന്നതിന് മുൻപ് വാർഡ് മെമ്പർ-വാർഡിൽ എത്ര അയൽ കൂട്ടങ്ങൾ രൂപീകരിക്കാം? എവിടെ? എത്രവീടുകൾ ചേർത്ത്? അതിന്റെ അതിരുകൾ? എന്നിവ അടക്കം ഒരു കരട് തയ്യാറാക്കി വക്കണം.
12. സംഘാടക സമിതിയോഗം പ്രസിഡന്റിന്റേയും വാർഡ് മെമ്പറുടെയും സംയുക്ത കത്ത് നൽകി വേണം ക്ഷണിക്കാൻ.
13. വാർഡ് തല സംഘാടക സമിതിയിൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങളാണ് നടക്കേണ്ടത്.
   - അയൽസഭയുടെ ആവശ്യകത, പ്രവർത്തനം എന്നിവ വിശദീകരിക്കണം.
   - വാർഡ് മെമ്പർ തയ്യാറാക്കിയ കരട് പ്ലാൻ അവതരിപ്പിച്ച് ചർച്ചചെയ്ത് അന്തിമമാക്കണം.
   - ഓരോ അയൽസഭകളുടെയും രൂപീകരണ തീയതി, സമയം, സ്ഥലം ആരൊക്കെ പങ്കെടുക്കും, ആര് എന്തൊക്കെ ചെയ്യും എന്നീകാര്യങ്ങൾ തീരുമാനിക്കണം. (വാർഡ് മെമ്പർക്ക് എല്ലാ യോഗത്തിലും പങ്കെടുക്കാൻ കഴിയുന്നതരത്തിലാണ് ആസൂത്രണം ചെയ്യേണ്ടത്)
   - ഓരോ അയൽസഭയുടെയും സംഘാടന ചുമതല ഓരോ ഗ്രൂപ്പിനായി തീരുമാനിക്കാം (സംഘാടക സമിതിയിൽ വന്നവരെ ചേർത്ത്).
   - ഓരോ ഗ്രൂപ്പിനും ആവശ്യത്തിന് കത്ത്, ഫെർഫോമ, വെള്ളപേപ്പർ എന്നിവ നൽകണം.
   - വാർഡ് തലത്തിൽ അയൽസഭ രൂപീകരണ ഉത്ഘാടനം, ഓരോ അയൽസഭയുടെയും സംഘാടനം, പ്രചരണം എന്നിവ സംഘാടക സമിതിയിൽ ആലോചിക്കണം.

# 5. അയൽസഭയുടെ സംഘാടനവും ആദ്യയോഗവും

**അ**യൽസഭയുടെ മുന്നൊരുക്കം പോലെ പ്രധാനമാണ് അയൽസഭയുടെ സംഘാടനവും ആദ്യയോഗവും. സംഘാടനം എങ്ങിനെയാവണം എന്ന് നോക്കാം.

1. അയൽസഭ സംഘാടനത്തിന് വാർഡ്തല സംഘാടക സമിതിയോഗത്തിൽ വച്ച് ചുമതല നൽകിയ ഗ്രൂപ്പ് ഓരോ വീട്ടിലും കയറിയിറങ്ങി ഓരോ വീട്ടുകാരെയും ക്ഷണിക്കണം. ആ വീട്ടിലെ എല്ലാവരും യോഗത്തിൽ പങ്കെടുക്കണം എന്ന് ആവശ്യപ്പെടണം.
2. അയൽസഭയിലേക്ക് ക്ഷണിക്കുമ്പോൾ ഇതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി കത്ത് കിട്ടിയതായി വീട്ടുകാരെക്കൊണ്ട് പേപ്പറിൽ ഒപ്പിടീച്ച് വാങ്ങണം.
3. ആ അയൽസഭയുടെ പരിധിയിൽ വരുന്ന പ്രദേശത്തെ റസിഡൻസ് അസോസിയേഷൻസ്, കുടുംബശ്രീകൾ, സംഘടനകൾ എന്നിവരെക്കൊണ്ട് പോസ്റ്ററുകൽ ബോർഡുകൾ എന്നിവ പതിപ്പിക്കണം.
4. റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീകൾ, ക്ലബുകൾ, ഗ്രന്ഥശാലകൾ എന്നിവരുടെ നേതൃത്വത്തിൽ അവരുടെ പരിധിക്കുള്ളിൽ വീട് വീടാന്തരം സ്ക്വോഡ് നടത്തണം.
5. അയൽസഭായോഗത്തിന് വരുന്ന എല്ലാവർക്കും കൂടാൻ പറ്റുന്ന സ്ഥലമായിരിക്കണം - പറമ്പ്, വീട്ടുമുറ്റം, ഹാൾ തുടങ്ങിയവ.
6. യോഗഉദ്ഘാടനം, വിഷയാവതരണം എന്നിവയൊക്കെ ആരായിരിക്കണം എന്ന് നിശ്ചയിച്ച് നേരത്തേ ക്ഷണിക്കാൻ സംവിധാനമുണ്ടാക്കണം. ഉദ്ഘാടനം, പൊതുഅവതരണം എന്നിവ ആലോചിക്കണം. എന്നാൽ വിഷയാവതരണം പരിശീലനം ലഭിച്ച ആളായിരിക്കണം നടത്തേണ്ടത്.
7. യോഗത്തിൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ നടക്കണം. അജണ്ട (അനുബന്ധം 3 ൽ കൊടുത്തിട്ടുണ്ട്).
   - ഉദ്ഘാടനം
   - വിഷയാവതരണം
   - ചർച്ച
   - തെരഞ്ഞെടുപ്പ് - മൊത്തം ഔദ്യോഗിക സ്ഥാനങ്ങളും അവയുടെ ചുമതലയും അവതരിപ്പിച്ച ശേഷ,ം താൽപ്പര്യത്തിന്റെ അടിസ്ഥാത്തിൽ ചുമതലകൾ നൽകുന്നതായിരിക്കും നന്ന്.
   - തെരഞ്ഞെടുത്തവരുടെ ആദ്യയോഗം
   - ഫോം പൂരിപ്പിക്കൽ (അനുബന്ധം 1 കാണുക)

# 6. അയൽസഭ ഭരണസമിതിയുടെ ഘടന

**അ**യൽസഭയുടെ ഘടന പരമാവധി ആളുകൾക്ക് പങ്കാളിത്തമുള്ളതും ഉത്തരവാദിത്വമുള്ളതും ആയിരിക്കണം. അതിനായി ഭാരവാഹികൾ കൂടാതെ വിഷയ ചുമതലക്കാരെയും തീരുമാനി ക്കണം. ഇത് അയൽസഭ മുതൽ പഞ്ചായത്ത്തലം വരെ വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും സംഘാടനം നടത്താനും സഹായകമാകും.

- ചെയർപേഴ്സൺ
- കൺവീനർ
- വൈസ് ചെയർപേഴ്സൺ
- ജോയിന്റ് കൺവീനർ
- കൂടാതെ ചുവടെ കൊടുക്കുന്ന വിവിധ സബ് കമ്മിറ്റി ചുമതലക്കാരെയും തെരഞ്ഞെടുക്കണം.
  - കൃഷിയും അനുബന്ധ മേഖലയും
  - വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം
  - കുട്ടികൾ, യുവജനം

- സ്ത്രീകൾ/വനിത
- വയോജനങ്ങൾ
- ആരോഗ്യം, കുടിവെള്ളം, ശുചിത്വം
- ഭൗതികസൗകര്യം -വീട്, മരാമത്ത്, വൈദ്യുതി

ഇത്തരത്തിൽ 11 പേരടങ്ങുന്നതാവണം ഭരണസമിതി. പ്രസിഡന്റ് പുരുഷനാണെങ്കിൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവർ സ്ത്രീകളായിരിക്കണം, സെക്രട്ടറി പുരുഷനാണെങ്കിൽ പ്രസിഡന്റ്, ജോ. സെക്രട്ടറി എന്നിവർ സ്ത്രീകളായിരിക്കണം. തിരിച്ചും. സബ്കമ്മിറ്റി ചുമതലയുള്ളവർ അതുമായി ബന്ധപ്പെട്ട് ആ അയൽസഭാ പരിധിയിൽ വരുന്ന ആളുകളെ വിളിച്ചുകൂട്ടി അവരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിക്കണം. കൃഷി, കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, യുവജനങ്ങൾ എന്നീ വിഭാഗത്തിലുള്ള ആ അയൽക്കൂട്ടത്തിലെ മുഴുവൻ പേരെയും വിളിച്ചുചേർത്തായിരിക്കണം കമ്മിറ്റിക്ക് രൂപംനൽകേണ്ടത്. വിദ്യാഭ്യാസം, കല, കായികം, സംസ്കാരം ഇതിലേക്ക് അതത് മേഖലയിൽ ആ അയൽസഭക്കുള്ളിൽ വരുന്ന സംഘടന, സ്ഥാപനപ്രതിനിധികൾ, പ്രവർത്തകർ, വൈദഗ്ധ്യമുള്ളവർ എന്നിവരെ ചേർത്ത് കമ്മറ്റിക്ക് രൂപം നൽകണം. ആരോഗ്യം, കുടിവെള്ളം, ശുചിത്വം-ഇതിലേക്ക് ആ മേഖലയിൽ പ്രവർത്തിച്ചിരുന്നവർ, കുടുംബശ്രീ ആരോഗ്യവോളന്റിയർമാർ, ആശാവർക്കർമാർ, സ്ഥാപനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരാകാം. ഓരോ സബ് കമ്മറ്റിയിലേക്കും അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റിക്ക് വേണം രൂപം നൽകാൻ. അംഗങ്ങളായി എത്രപേർ വേണമോ ആകാം. ചിലതിൽ ബന്ധപ്പെട്ട മുഴുവൻ പേരെയും ഉൾപ്പെടുത്തണം.

**ഓരോ സബ്കമ്മിറ്റിയിലും വരേണ്ട വിഷയങ്ങൾ**

ഓരോ സബ്കമ്മിറ്റിയിലും വരേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങളുടെ ഏകദേശരൂപം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | കൃഷിയും അനുബന്ധ മേഖലയും | – | കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലസേചനം, മണ്ണ്സംരക്ഷണം, പരിസ്ഥിതി, വനപരിപാലനം, മത്സ്യകൃഷി, സ്ഥലപരആസൂത്രണം |
| 2. | വിദ്യാഭ്യാസം | – | വിദ്യാഭ്യാസം, കല, കായികം, സാക്ഷരത, സംസ്കാരം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രന്ഥശാല, വായനശാല, ക്ലബ്ബുകൾ |
| 3. | കുട്ടികൾ | – | കുട്ടികൾ, കൗമാരപ്രായക്കാർ, അങ്കൺവാടികൾ |
| 4. | സ്ത്രീകൾ/വനിത | – | കുടുംബശ്രീ, വനിത, മഹിളാസമാജങ്ങൾ, സ്ത്രീപ്രശ്നങ്ങൾ, ജാഗ്രതാസമിതി |
| 5. | വയോജനം | – | വയോജനക്ഷേമം, വയോജനപ്രശ്നങ്ങൾ |
| 6. | ആരോഗ്യം | – | ആരോഗ്യം, കുടിവെള്ളം, ശുചിത്വം, എൻ.ആർ.എച്ച്.എം. സബ്സെന്ററുകൾ |
| 7. | ഭൗതികസൗകര്യം | – | വീട്, മരാമത്ത്, പൊതുകെട്ടിടങ്ങൾ, അഴുക്ക് ചാലുകൾ, ഊർജം, വൈദ്യുതി, റോഡ് |
| 8. | യുവജനം | – | യുവജനക്ഷേമം, തൊഴിൽ, യുവജനപ്രശ്നങ്ങൾ |

ഇതിൽ ഒരു അയൽക്കൂട്ടത്തിന് ബാധകമല്ലാത്തത് ഉപേ ക്ഷിക്കാം. എന്നാൽ അതത് വിഷയവുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ പ്രശ്നങ്ങളും വിഷയങ്ങളും അതത് അയൽസഭയുടെ അജണ്ടയാവുകയും വേണം.

**അയൽസഭ ചുമതലകൾ**

- തദ്ദേശഭരണസ്ഥാപനത്തിന്റെ ഓരോ വാർഡിലും 50 മുതൽ 100 വരെ അടുത്തടുത്ത കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകൾ രൂപീകരിക്കണം.
- അയൽസഭയുടെ പ്രവർത്തനപരിധി വാർഡ്വികസനസമിതി നിർദ്ദേശിക്കുന്നതും ഗ്രാമസഭ അംഗീകരിച്ചതുമായിരിക്കണം.
- അയൽസഭാപ്രദേശത്തെ കുടുംബങ്ങളിലെ വോട്ടർപട്ടികയിൽ പേരുള്ള മുഴുവനാളുകളും ഇതിൽ അംഗങ്ങളായിരിക്കും.

- പതിനൊന്ന് അംഗങ്ങളുള്ള ഒരു നിർവാഹകസമിതിയെ അയൽസഭയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്. നിർവാഹകസമിതി അതിലെ ഒരംഗത്തെ ചെയർമാനായും മറ്റൊരംഗത്തെ കൺവീനറായും തെരഞ്ഞെടുക്കണം. ഇതിൽ ഒരാൾ സ്ത്രീ ആയിരിക്കണം. നിർവാഹകസമിതിയിൽ 6 അംഗങ്ങളെങ്കിലും സ്ത്രീകളായിരിക്കണം.
- തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമസഭയ്ക്ക് നിർദ്ദേശം നൽകുക
- തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ വികസനപ്രവർത്തനങ്ങളെക്കുറിച്ച് അയൽസഭാ കുടുംബങ്ങളെ അറിയിക്കുക, വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പാക്കുക.
- അയൽസഭാകുടുംബങ്ങളിലെ മുഴുവൻ അംഗങ്ങളെയും ഗ്രാമസഭയിൽ പങ്കെടുപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
- ഗുണഭോക്തൃസമിതികളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.
- കുടുംബ, വ്യക്തിഗത ഗുണഭോക്തൃ പ്രോജക്റ്റുകളിൽ അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക.
- പ്രദേശത്തെ വികസനപരിപാടികളുടെയും നിർമ്മാണപ്രവർത്തനങ്ങളുടെയും മോണിറ്ററിംഗ് നടത്തുക. വാർഡ്പ്രദേശത്തെയും കുടുംബങ്ങളെയും സംബന്ധിച്ചുള്ള സർവെ, വിവരശേഖരണം എന്നിവ നടത്തുക.
- പൊതു ആസ്തികൾ സംരക്ഷിക്കുക, സാമൂഹ്യതിന്മകൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക.
- കൂടാതെ അതത് പഞ്ചായത്തുകൾ നൽകുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുക.
- തനത് പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുക.

1. **ഒരു അയൽസഭയുടെ കാലാവധി എത്രവർഷമായിരിക്കണം?**

   ഒരു അയൽസഭയുടെ കാലാവധി അഞ്ച് വർഷം ആയിരിക്കണം. അഞ്ച് വർഷത്തിൽ ഒരിക്കലേ പൊതുതെരഞ്ഞെടുപ്പ് നടത്തേണ്ടതുള്ളു. എന്നാൽ എല്ലാവർഷവും വാർഷികം നടത്തണം. വാർഷികത്തിൽ വച്ച് ഒരാൾക്ക് വേണമെങ്കിൽ സ്വയം ഒഴിയാം എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവണമെന്ന് അയൽസഭ തീരുമാനിച്ചാൽ അതുമാവാം. എന്നാൽ വരുത്തിയ മാറ്റം അപ്പോൾ തന്നെ വാർഡിലും പഞ്ചായത്തിലും രേഖാമൂലം അറിയിക്കാനുള്ള സംവിധാനം ഉണ്ടാവണം.

2. **അയൽസഭയുടെ വാർഷികങ്ങൾ എങ്ങിനെയാണ് നടത്തേണ്ടത്?**

   അയൽസഭയുടെ വാർഷികം അയൽസഭയുടെ കുടുംബസംഗമം ആയിരിക്കണം. അവിടെ റിപ്പോർട്ട് അവതരണം, ചർച്ച അടുത്ത ഒരു വർഷത്തെ പരിപാടികൾ തയ്യാറാക്കൽ, വിവിധ സബ് കമ്മറ്റികൾ, സംഘടനകൾ എന്നിവരുടെ പ്രവർത്തനവിലയിരുത്തൽ കലാപരിപാടികൾ തുടങ്ങി പരമാവധി ചെലവ് കുറച്ച് പരമാവധി പരിപാടികൾ സംഘടിപ്പിക്കണം. ഇത് നാട്ടിലെ കൂട്ടായ്മയും കൂട്ടുത്തരവാദിത്വവും ഉയർത്താൻ ഉതകുന്ന തരത്തിലാവണം (അനുബന്ധം 4 കാണുക).

3. **നേരത്തെ സൂചിപ്പിച്ച എട്ട് സബ് കമ്മറ്റികൾ കൂടാതെ മറ്റ് ഉപസമിതികൾ**

   കുടുംബശ്രീ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയേയും ആ അയൽക്കൂട്ടത്തിന്റെ ഉപഘടകങ്ങളായി കാണണം. എന്നാൽ അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാവാനും പാടില്ല. പകരം മൊത്തം പ്രവർത്തനത്തിന്റെ ഭാഗമായി ആ സമുഹത്തിലെ ഒരു ഘടകം എന്ന നിലയ്ക്കാണ് ഇതിന്റെ ഉപഘടകമായി/ഉപസമിതിയായി പരിഗണിക്കേണ്ടത്; അവരുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കാനും, അവരുടെ ആസൂ ത്രണത്തിനു വേണ്ട സംഭാവനയും പിൻതുണയും നൽകാനുമുള്ള ഇടമായും അയൽസഭകൾ മാറണം. അതുവഴി പഞ്ചായത്തിന്റെ മൊത്തം വികസനപ്രവർത്തന ത്തിൽ ഇവർക്കും കണ്ണികളാകാൻ കഴിയുന്നു എന്നത് നമ്മുടെ പ്രവർത്തനനേട്ടത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കും.

# 7. അയൽസഭയും ഗ്രാമസഭയും

ഗ്രാമസഭയിലെ പങ്കാളിത്തം ഉയർത്തുന്നതിൽ, ഗ്രാമസഭയുടെ ഗുണനിലവാരം ഉയർത്തുന്നതിൽ അയൽസഭക്ക് നിർണ്ണായകമായ പങ്കാണുള്ളത്. ഇതിനായി അയൽസഭക്ക് എന്തെല്ലാം ചെയ്യാൻകഴിയും എന്ന് നോക്കാം.

1. ഗ്രാമസഭയുടെ ചെറുഘടകമായി/കീഴിലുള്ള ഘടകങ്ങളായി അയൽസഭകളെ അംഗീകരിക്കണം
2. ഗ്രാമസഭയിൽ ഗ്രാമസഭ മെമ്പർമാരെ പങ്കുടുപ്പിക്കാനുള്ള ഉത്തരവാദിത്വം അയൽസഭക്കായിരിക്കണം. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച അയൽസഭക്ക് പ്രത്യേക അംഗീകാരവും നൽകണം.
3. ആസൂത്രണ ഗ്രാമസഭയ്ക്ക് മുന്നെ അയൽസഭകൾ കൂടി ആ പ്രദേശത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്ത്, അയൽസഭയിൽ നിന്നും ചർച്ച ചെയ്ത വിഷയങ്ങൾ അവതരിപ്പിക്കാൻ ആരൊക്കെ ഏതൊക്കെ ഗ്രൂപ്പുകളിൽ ഇരിക്കണം എന്നതുവരെ അയൽസഭകൾ കൂടി ചർച്ച ചെയ്യണം.
4. ഗ്രാമസഭയിൽ അവതരിപ്പിക്കുന്ന പദ്ധതിരേഖവികസനരേഖ എന്നിവയുടെ കരട് നേരത്തേ തന്നെ അയൽസഭകൾക്ക് ചർച്ചക്കായി നൽകണം.
5. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭയ്ക്കു മുമ്പേ ഫോം വിതരണം, പൂരിപ്പിക്കൽ, അയൽസഭയിലെ മുൻഗണന സഭ കൂടി ചർച്ചചെയ്യൽ എന്നിവ നടത്തണം. ഇതുപോലെ വിലയിരുത്തൽ, സോഷ്യൽ ആഡിറ്റ് എന്നിവയ്ക്കായി കൂടുന്ന ഗ്രാമസഭയ്ക്ക് മുമ്പേ അയൽസഭ കൂടി ചർച്ചചെയ്യണം.
6. ഗ്രാമസഭയിൽ കൊണ്ട് വരേണ്ട പൊതുതാൽപ്പര്യവിഷയങ്ങൾ നേരത്തെ അയൽസഭകൾക്കൂടി ചർച്ചചെയ്ത് തയ്യാറാക്കി വരുകയും, അവതരണത്തിന് നേരത്തേതന്നെ പ്രസിഡന്റിൽ നിന്ന് അനുമതി വാങ്ങുകയും വേണം.
7. സോഷ്യൽ ആഡിറ്റ് ഗ്രാമസഭയ്ക്ക് മുന്നേതന്നെ അയൽസഭകൾകൂടി സോഷ്യൽ ആഡിറ്റ് നടത്തണം. എല്ലാ വർഷവും അയൽസഭാപരിധിക്കുള്ളിൽ വരുന്ന പ്രവർത്തനങ്ങളുടെ സോഷ്യൽ ആഡിറ്റ് അയൽസഭ നടത്തി റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിക്കണം. ഇത് പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവും ആകാൻ സഹായകമാകും.
8. ഓരോ അയൽസഭയുടേയും വികസനത്തിന് ഓരോ വിഷയത്തിലും എന്തൊക്കെയാണ് വേണ്ടത് അത് നേടിയെടുക്കാൻ അയൽസഭ എന്ത് ചെയ്യും ത്രിതലപഞ്ചായത്തം സർക്കാരും എന്ത് ചെയ്യണം എന്നത് അയൽസഭകൂടി ചർച്ച ചെയ്ത് പ്രോജക്ട് രൂപത്തിൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കണം. ഇതിൽ അയൽസഭ, അയൽസഭയ്ക്കകത്തുള്ള മറ്റ് സംഘടനകൾ തുടങ്ങിയവർ ചെയ്യാൻ ഉദ്ദേശിക്കുന്ന തനത് പരിപാടികളും കൂടി തയ്യാറാക്കി ഉൾപ്പെടുത്തിവേണം ഗ്രാമസഭയിൽ അവതരിപ്പിക്കാൻ. ഇത് പരസ്പരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള ആവേശം വർദ്ധിപ്പിക്കും.
9. അതത് അയൽസഭയ്ക്കുള്ളിൽ ഗ്രാമസഭ സംബന്ധിച്ച പോസ്റ്റർ പതിപ്പിക്കൽ, ബാനർ കെട്ടൽ ഇതൊക്കെ അയൽസഭയുടെ ഉത്തരവാദിത്വമായിരിക്കണം.
10. എല്ലാ അയൽസഭകളും വാർത്താബോർഡുകൾ വയ്ക്കുകയും അതിൽ ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ പതിപ്പിക്കുകയും വേണം.
11. ഗ്രാമസഭയിൽ പൊതുതാൽപര്യ വിഷയങ്ങൾ ചർച്ചക്ക് കൊണ്ടുവരാനായി അയൽസഭകൾ ചർച്ച ചെയ്ത് ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ തയ്യാറാക്കുകയും നേരത്തേ പ്രസിഡന്റിനു നൽകി അജണ്ടയിൽ പെടുത്തുകയും വേണം.

# 8. അയൽസഭയുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ

**അ**യൽസഭയ്ക്ക് നൽകാവുന്ന ഉത്തരവാദിത്വങ്ങൾ, ചുമതലകൾ എന്നിവ സംബന്ധിച്ച് ചുവടെ കൊടുക്കുന്നു. ഇതിനേക്കാൾ കൂടുതലായി എന്തൊക്കെ നൽകണമെന്നുകൂടി പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് പഞ്ചായത്ത് ഉത്തരവായി ഇറക്കാവുന്നതാണ്. ഇത് പഞ്ചായത്തിനകത്തുള്ള അധികാരവികേന്ദ്രീകരണവും, വികേന്ദ്രീകൃത ആസുത്രണവും നടക്കുകയും അതുവഴി പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും സ്ഥായിയും ചിട്ടയുള്ളതു മാകാൻ സാധിക്കും. അങ്ങനെയെങ്കിൽ എന്തൊക്കെ ഉത്തരവാദിത്വങ്ങൾ ചുമതലകൾ അയൽസഭകൾക്ക് വഹിക്കാം എന്ന് നോക്കാം. ഉത്തരവാദിത്വ വിഭജനം നടത്തുമ്പോൾ അയൽക്കൂട്ടങ്ങൾ സ്വതന്ത്രമായി പ്രവർത്തിക്കേണ്ട തലമാണെന്നും, അതേസമയം അതിന്റെ കോഡിനേഷനും നിയന്ത്രണവും പഞ്ചായത്തിന് ഉണ്ടായിരിക്കുകയും വേണം എന്ന കാര്യം വിസ്മരിക്കരുത്.

1. ഓരോ അയൽസഭയും അവരുടെ വിഭവ ഭൂപടം തയ്യാറാക്കി വയ്ക്കണം. വിഭവഭൂപട നിർമ്മാണം എന്ന് കേൾക്കുമ്പോൾ അതിന്റെ സാങ്കേതികത്വം ആലോചിച്ച് ഇതെങ്ങനെ അയൽസഭ ചെയ്യും എന്ന് ധരിക്കേണ്ടതില്ല. അയൽസഭ രൂപീകരണവുമായി ബന്ധപ്പെട്ട ആദ്യത്തെ പ്രവർത്തനമായി ഇത് കൊടുക്കാവുന്നതാണ്. വളരെ ലളിതമായി ഇത് തയ്യാറാക്കാൻ ഇവർക്ക് പരിശീലനം നൽകണം. ഇതിനായി എന്തൊക്കെ ചെയ്യാം:
   - 1.1. അയൽസഭ കൂടിയിരുന്ന് അയൽസഭയുടെ ഭൂപടം ഏകദേശമായി വരയ്ക്കുക.
   - 1.2. വലുതായി വരച്ച ഭൂപടത്തിൽ അയൽസഭ കൂടിയിരുന്ന്, ആ അയൽസഭയിലെ നദി, തോട്, കുളം, വീടുകൾ ദേവാലയങ്ങൾ, കൃഷികൾ, തരിശ്ശ് ഭൂമി, വെള്ളക്കെട്ട്, മരങ്ങൾ തുടങ്ങീ സകലതും രേഖപ്പെടുത്തുക. അങ്ങനെ രേഖപ്പെടുത്താനായി ഓരോന്നിന്റേയും കോഡുകൾ എങ്ങനെ നൽകണം എന്നത് പരിശീലനം വഴി അവർക്ക് നൽകാം.
   - 1.3. ആ അയൽസഭയുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, കാർഷിക, ചരിത്ര വിവരങ്ങൾ ശേഖരിക്കാനും ഇത് വഴി പരിശീലനം നൽകണം. ഈ വിവരം ശേഖരിക്കാൻ പ്രദേശം സന്ദർശനം നടത്തുക, അഭിമുഖങ്ങൾ നടത്തുക എന്നിവ നടക്കണം. ഇത്തരത്തിൽ തയ്യാറാക്കുന്ന രേഖയ്ക്ക് അയൽസഭ കൂടിയിരുന്ന് അന്തിമ രൂപം നൽകുകയും വേണം. ഇതിന് ആവശ്യമായ ചോദ്യാവലി, ക്രോഡീകരണരീതി എന്നിവ പഞ്ചായത്ത് തയ്യാറാക്കി നൽകുകയും പരിശീലിപ്പിക്കുകയും വേണം. ഇത് പ്രദേശത്തെക്കുറിച്ച് ചിന്തിക്കാനും അത് തുടർപ്രവർത്തനം കാര്യക്ഷമമാക്കാനും സഹായകമാകും.
2. അയൽസഭയ്ക്ക് ഓരോന്നിനും ഓരോ പേരും എംബ്ലവും ഉണ്ടാവണം. അത് പഞ്ചായത്ത്, വാർഡ് എന്നിവകൂടി തിരിച്ചറിയാൻ കഴിയുന്ന തരത്തിലാവണം.
3. അയൽസഭയിലെ കുട്ടികളുടെ കല, കായിക, സാഹിത്യ അഭിരുചി തിരിച്ചറിഞ്ഞ് പരിശീലനം പ്രോത്സാഹനം എന്നിവ നൽകാൻ സംവിധാനം അയൽസഭയ്ക്ക് ഉണ്ടാവണം. അതിന് ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയ വരുടെ സേവനം വിനിയോഗിക്കേണ്ടതാണ്.
4. അയൽസഭകളുടെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും കൈയെഴുത്ത് മാസികകൾ ആരംഭിക്കാവുന്നതാണ്.
5. അയൽസഭയിലോ അതിന് തൊട്ടടുത്തോ ലൈബ്രറി ഉണ്ടെങ്കിൽ എല്ലാവരും അതിൽ അംഗങ്ങൾ ആകാനും, വായിക്കുന്നു എന്ന് ഉറപ്പ് വരുത്താനും, വായനോത്സവങ്ങൾ സംഘടിപ്പിക്കാനും പരിപാടികൾ ഉണ്ടാവണം. ലൈബ്രറി മേൽ സൂചിപ്പിച്ചതരത്തിൽ ഇല്ലെങ്കിൽ ലൈബ്രറികൾ ആരംഭിക്കണം.
6. പൊതുപ്രശ്നങ്ങൾ, പൊതുവിഷയങ്ങൾ എന്നിവ സംബന്ധിച്ച ക്ലാസുകൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുകയും അതിന്റെ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം.
7. ബാലസഭകൾ എല്ലാ അയൽക്കൂട്ടത്തിലും രൂപീകരിക്കുകയും അവയുടെ ഒരു വർഷത്തെ പ്രവർത്തനത്തിന് പ്രത്യേക കരിക്കുലം പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ തയ്യാറാക്കണം.
   - 7.1. ഇതിനായി വാർഡ് തലത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ ചേർത്ത് ഒരു അക്കാഡമിക് കമ്മറ്റിക്ക് വിദ്യാഭ്യാസ സബ്കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപം നൽകണം.

7.2. ബാലസഭകൾ സ്വയം പ്രവർത്തിക്കുന്ന സഭയായി വേണം പ്രവർത്തിപ്പിക്കാൻ

8. എല്ലാ അയൽസഭയിലും ആ അയൽസഭയിലെ എല്ലാവയോജനങ്ങളേയും ചേർത്ത് വയോജനസഭയ്ക്ക് രൂപം നൽകണം. അതിനെ വാർഡ്തലത്തിൽ ക്രോഡീകരിച്ച് വാർഡിന്റെ വയോജന ക്ലബ്ബാക്കി മാറ്റണം.

8.1. വയോജന സഭയുടെ ഒരു വർഷത്തെ പ്രവർത്തന പരിപാടി വാർഡ് തല സബ് കമ്മറ്റി തയ്യാറാക്കണം. കൂടാതെ അതിന്റെ അടിസ്ഥാനത്തിൽ ഓരോ അയൽസഭയും പ്രത്യേക പരിപാടികളും ആവിഷ്ക്കരിക്കണം.

8.2. ഇവർക്കായി യോഗ, ആരോഗ്യപാക്കേജ്, വിനോദപരിപാടികൾ, ആദരിക്കൽ, കൗൺസലിങ്ങ്, തുടങ്ങീ പരിപാടികൾ ഉണ്ടാവണം.

8.3. വയോജനങ്ങളുടെ അനുഭവം കുട്ടികൾക്ക് പകർന്ന് നൽകാനുള്ള പരിപാടികൾ ഉണ്ടാവണം.

9. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്ത്രീകൾക്കും- നേതൃത്വം ആശയവിനിമയം, മാനേജ്മെന്റ്, വൈദഗ്ദ്ധ്യ തൊഴിൽ ആരോഗ്യം തുടങ്ങിയവയിൽ പരിശീലനം നൽകണം.

10. കുടുംബശ്രീ പ്രവർത്തനം ഉള്ളപ്പോൾത്തന്നെ ആ അയൽസഭയിലെ എല്ലാ സ്ത്രീകളേയും ചേർത്ത് വനിതാ ഇഷ്യു ഗ്രൂപ്പിന് രൂപം നൽകണം.

10–1, വനിതകളും പെൺകുട്ടികളും അനഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ച

10–2 പെൺകുട്ടികൾക്ക് കരാട്ടെ, കളരി, തുടങ്ങിയവയിൽ പരിശീലനം.

10–3, തൊഴിൽ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനങ്ങൾ

10–4, കുടുംബബജറ്റ്, പൊതുകാര്യങ്ങൾ എന്നിവയിൽ പരിശീലവും ചർച്ചയും.

10–5 തൊഴിൽ സംരഭങ്ങൾ ആരംഭിക്കൽ.

10–6 ഇതിനൊക്കെയായി അയൽസഭയിൽ തനത് പരിപാടി തയ്യാറാക്കുന്നതോടൊപ്പം, ഇതിനു സഹായകമായി വാർഡിലും പഞ്ചായത്തിലും പൊതുപരിപാടികളും ഉണ്ടാവണം.

11. കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ എന്നിവരുടെ പരാതി, പ്രശ്നങ്ങൾ എന്നിവ കേൾക്കാനും, പരിഹാരം കാണാനും എല്ലാ അയൽസഭയിലും 'ജാഗ്രതാസഭ' എന്ന പേരിൽ പ്രത്യേക സെല്ലിന് രൂപം നൽകണം.

11–1 പരാതികൾ സ്വീകരിക്കുക, പ്രശ്നമുണ്ടെങ്കിൽ സ്വയം ഏറ്റെടുക്കുക, അവിടെതന്നെ പരിഹരിക്കാൻ കഴിയുന്നത് അവിടെ പരിഹരിക്കുക, അല്ലാത്തത് വാർഡ്തലജാഗ്രതാസമിതി, പഞ്ചായത്ത്തല ജാഗ്രതാ സമിതി, പോലീസ് സ്റ്റേഷൻ, കോടതി, കളക്ടർ, ആർ.ഡി.ഒ തുടങ്ങിയ ഇടങ്ങളിൽ എത്തിച്ച് പരിഹാരം കാണുക.

11–2 ജാഗ്രതാസഭയിൽ പകുതി വനിതകൾ ആയിരിക്കണം. നിയമവിദഗ്ദ്ധർ പൊതുസമ്മതരായവർ എന്നിങ്ങനെ കുറഞ്ഞത് 5 പേരെങ്കിലും ഈ സഭയിൽ ഉണ്ടാവണം. ഇവരുടെ ഫോൺനമ്പർ എല്ലാവീട്ടിലും ലഭ്യമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

12. അയൽസഭയ്ക്കകത്തുള്ള എല്ലാ പൊതുസ്ഥാപനങ്ങളുടെയും പരിസരം, സ്ഥാപനം എന്നിവയുടെ സംരക്ഷണം, നടത്തിപ്പ് സഹായം എന്നിവയുടെ ഉത്തരവാദിത്വം അതത് അയൽ സഭക്കായിരിക്കണം.

13 പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനവിലയിരുത്തൽ നടത്താനും (അവിടുത്തെ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത രീതിയിൽ) വിലയിരുത്താനും അത് അയൽസഭയിലും ഗ്രാമസഭയിലും ഉയർച്ചക്ക് വിധേയമാക്കാനുള്ള ഉത്തരവാദിത്വം അയൽസഭയ്ക്കായിരിക്കണം.

14. വൃത്തിയുള്ളതും, പ്രകൃതിരമണീയവും, പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതും, ആരോഗ്യമുള്ള പരിസരവും, സമൂഹവുമായുള്ള സൗഹൃദവും പരസ്പര ധാരണയും ഉള്ള ഒരിടമായി അയൽസഭകൾ മാറണം.

15. അയൽസഭയുടെ പരിധിയിൽ വരുന്ന കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, പിൻതുണക്കുക, അവരുടെ ഉൽപ്പന്നങ്ങൾ അയൽക്കൂട്ടത്തിനിടയിൽ വിൽക്കാൻ സംവിധാനം ഉണ്ടാക്കുക, അവർ ഉന്നയിക്കുന്ന തടസ്സങ്ങൾ ദൂരീകരിക്കാൻ ഇടപെടുക.

16. അയൽസഭയുടെ പരിധിയിൽ വരുന്ന റസിഡൻഷ്യൽ അസോസിയേഷൻസ്, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, പാടശേഖരസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ അയൽക്കൂട്ടത്തിൽ ചർച്ചക്ക് വിധേയമാക്കണം.

17. അയൽസഭയുടെ വിവരങ്ങൾ ശേഖരിച്ച ശേഷം ഓരോ അയൽസഭയും അയൽസഭയുടെ പ്ലാൻ തയ്യാറാക്കണം. അതിൽ ചുവടെ കൊടുക്കുന്നവയുടെ പരിപാടികൾ ഉണ്ടാവണം.
   - MGNREGS അയൽസഭ പ്ലാൻ
   - കുടുംബശ്രീ വഴി ചെയ്യാൻ കഴിയുന്ന പ്ലാൻ
   - ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങി സംഘടനകൾ വഴി ചെയ്യാൻ പറ്റുന്ന പരിപാടികൾ
   - കാർഷിക കർമ്മസേനവഴി ചെയ്യാൻ പറ്റുന്നവ, കാർഷിക കർമ്മസേനയുടെ സഹായത്തോടെ ചെയ്യാൻ കഴിയുന്നവ, കാർഷിക കർമ്മസേനയുടെ സാങ്കേതിക സഹായം വേണ്ടത്
   - ത്രിതല പഞ്ചായത്തുകൾ, സർക്കാർ എന്നിവർ ഏറ്റെടുത്ത് നടത്തേണ്ടവ, സഹായിക്കേണ്ടവ, കൂട്ടായി ചെയ്യേണ്ടവ.
   - തനത് പരിപാടികളായി ഏറ്റെടുക്കാൻ കഴിയുന്നവ.

   ഇത്തരത്തിൽ തയ്യാറാക്കി കഴിഞ്ഞാൽ അയൽക്കൂട്ടം വഴി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാനും ഇത്തരത്തിൽ തയ്യാറാക്കിയ കാര്യങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കാനും വാർഡ്തലത്തിൽ ക്രോഡീകരിക്കാനും അതുവഴി പഞ്ചായത്തുതലത്തിൽ എത്തിക്കാനും കഴിയണം. അങ്ങനെ ഇത് ആസൂത്രണത്തിന്റെ ഒരു സ്ഥിരം സംവിധാനമായി മാറണം.
18. അയൽസഭയ്ക്കുള്ളിൽ ഒരു തുണ്ട് ഭൂമിപോലും തരിശായി ഇടാതെ കൃഷിക്ക് വിധേയമാക്കാനുള്ള പ്ലാൻ തയ്യാറാ ക്കണം.
19. കുടിവെള്ള പരിപാലനത്തിന്, വാട്ടർ റിച്ചാർജിങ്ങിന്, സമ്പൂർണ്ണ ശുചിത്വത്തിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
20. അയൽസഭയുടെ പരിധിക്ക് ഉള്ളിൽവരുന്ന റോഡുകളുടെ സംരക്ഷണം അയൽസഭയുടെ ചുമതല ആയിരിക്കണം. അതിനായി ചുവടെ കൊടുത്തിട്ടുള്ള പരിപാടികൾ ഉണ്ടാവണം:-
   - റോഡിന്റെ സൈഡിലുള്ള ഓടകൾ കേടുവരാതെ സൂക്ഷിക്കുക
   - റോഡ് വക്കിൽ കല്ല്, മണൽ, തടി തുടങ്ങിയ ഇറക്കി ഓട, റോഡ്‌വക്ക് എന്നിവ തകർക്കുന്നതിന് എതിരെ പ്രതികരിക്കുക, റോഡ് കേടുവരാതെ കരുതലോടെ പ്രവർത്തിക്കുക. അങ്ങനെ ചെയ്യേണ്ടിവന്നാൽ അതിന്റെ ഭാഗമായി ഉണ്ടാകുന്ന കേടുപാടുകൾ ആരാണോ വരുത്തിയത് അവർ അത് പരിഹരിക്കും എന്ന് അയൽക്കൂട്ടം ഉറപ്പ് വരുത്തണം.
   - റോഡിൽ ഉണ്ടാകുന്ന ചെറുകുഴികൾ നികത്തൽ റോഡിന്റെ വക്കത്ത് മരങ്ങൾ വച്ച് പിടിപ്പിച്ച് സംരക്ഷിക്കൽ, അയൽസഭയുടെ പരിധി മനോഹരമാക്കാൻ ഉതകുന്നതരത്തിൽ പൂമരങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ വച്ച് പിടിപ്പിക്കൽ തുടങ്ങിയവ അയൽസഭയുടെ ചുമതല ആയിരിക്കണം.
   - അയൽസഭാ പരിധിക്കുള്ളിൽ നടക്കുന്ന എല്ലാ നിർമ്മാണപ്രവൃത്തികളുടെയും മോണിറ്ററിംഗ്, സോഷ്യൽ ആഡിറ്റിംഗ് പ്രവർത്തനത്തിനുവേണ്ട സഹായം എന്നിവ ഉറപ്പുവരുത്തുക.
21. അയൽസഭയുടെ പരിധിക്ക് ഉള്ളിൽ വരുന്ന വൈദ്യുതിലൈൻ തെരുവ് വിളക്ക് എന്നിവയുടെ പരിപാലനം അയൽക്കൂട്ടത്തിന്റെ ചുമതല ആയിരിക്കണം. അതിനായി ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങളാണ് ചെയ്യേണ്ടത്.
   - ലൈനിൽ മരക്കമ്പുകൾ തുടങ്ങിയവ തട്ടിനിൽക്കുന്നുണ്ടെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിൽ അറിയിച്ച് നീക്കം ചെയ്യിക്കുക
   - തെരുവ് വിളക്ക് നശിപ്പിക്കുന്നത് തടയുക
   - തെരുവ് വിളക്ക് കേടുവന്നാൽ പഞ്ചായത്തിലും ഇലക്ട്രിസിറ്റി ബോർഡിലും അറിയിക്കുക.
22. കുടിവെള്ള ലൈൻ, പൊതുടാപ്പുകൾ, പൊതുകുളങ്ങൾ, പൊതു തടാകങ്ങൾ, നദി, തോട് തുടങ്ങിയവയുടെ സംരക്ഷണം അയൽസഭകൾക്ക് ആയിരിക്കണം.
23. അയൽസഭയ്ക്ക് അകത്ത് പൊതുപണം ഉപയോഗിച്ച് നടത്തുന്ന ഏത് പരിപാടിയുടേയും സഹായം, വിഭവസമാഹരണം, മോണിറ്ററിങ്ങ്, സോഷ്യൽ ആഡിറ്റ് എന്നിവ അയൽസഭയുടെ ചുമതല ആയിരിക്കണം.
23. അയൽസഭയ്ക്ക് ഉള്ളിൽവരുന്ന പൊതുസ്ഥാപനങ്ങളുടെ പരിസരം വൃത്തിയാക്കലും വൃത്തിയായി സൂക്ഷിക്കലും മനോഹരമാക്കലും അവിടുത്തെ പ്രവർത്തനങ്ങളെ സഹായിക്കലും പ്രവർത്തന വിലയിരുത്തൽ നടത്തലും അയൽസഭയുടെ ഉത്തരവാദിത്വം ആയിരിക്കും.

24. ദിനാചരണങ്ങൾ നടത്തൽ
25. പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
26. വാർഡ് സഭ, വാർഡ് വിഷയ കമ്മറ്റി, ഗ്രാമസഭ എന്നിവിടങ്ങളിൽ റിപ്പോർട്ട് ആവശ്യങ്ങൾ പൊതു ശ്രദ്ധയിൽ കൊണ്ട് വരേണ്ട കാര്യങ്ങൾ എന്നിവ എഴുതി തയ്യാറാക്കി അവതരിപ്പിക്കൽ
27. രോഗനിർണ്ണയ ക്യാമ്പ്, ഹെൽത്ത് കാർഡും അതിന്റെ അപ്ഡേഷനും, ആരോഗ്യപരിപാലന പരിപാടികളും അയൽക്കൂട്ടത്തിന്റെ ഉത്തരവാദിത്വം ആവണം.

## 9. അയൽസഭയുടെ യോഗം

- അയൽസഭയുടെ ഭരണസമിതിയോഗം കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും ചേർന്നിരിക്കണം.
- ആവശ്യാനുസരണം എത്ര പ്രാവശ്യം വേണമെങ്കിലും ചേരാവുന്നതാണ്.
- അയൽസഭയുടെ ജനറൽബോഡി/കുടുംബസംഗമം കുറഞ്ഞത് മൂന്ന് മാസത്തിൽ ഒന്ന് എന്ന കണക്കിന് വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ചേർന്നിരിക്കണം.
- ഇത് കൂടാതെ ആവശ്യാനുസരണം എത്രവേണമെങ്കിലും ചേരാവുന്നതാണ്.
- എല്ലാ അയൽസഭയുടേയും അതിന്റെ ജനറൽ ബോഡിയുടെയും യോഗത്തിനും മൂന്ന് പൂർണ്ണദിവസം മുന്നെ അംഗങ്ങൾക്ക്/കുടുംബങ്ങൾക്ക് നോട്ടീസ് ലഭിച്ചിരിക്കണം. എന്നാൽ അടിയന്തിര പ്രാധാന്യമുള്ള യോഗങ്ങൾക്ക് ഒരു ദിവസത്തെ അറിയിപ്പും മതിയാവും.
- ഓരോ യോഗത്തിലും സെക്രട്ടറി അതുവരെ നടന്ന പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കണം, ട്രഷറർ വരവ് ചെലവ് കണക്ക് അവതരിപ്പിക്കണം.
- കൂടാതെ തുടർ പരിപാടികൾ അവതരിപ്പിച്ച് ചർച്ച ചെയ്ത് അന്തിമമാക്കണം.
- എല്ലാ സബ് കമ്മിറ്റികൾക്കും/പ്രവർത്തനകമ്മിറ്റികൾക്കും അവരുടെ റിപ്പോർട്ടും ഭാവിപരിപാടിയും അവതരിപ്പിക്കാനും അത് ചർച്ചചെയ്ത് അന്തിമമാക്കാനും യോഗത്തിൽ അവസരമുണ്ടാവണം.
- അയൽസഭയുടെ യോഗത്തിലും ജനറൽ ബോഡിയിലും ഓരോരുത്തരുടെയും പ്രശ്നങ്ങൾ ആശയങ്ങൾ എന്നിവ അവതരിപ്പിക്കാൻ അവസരം ഉണ്ടാവണം
- അയൽസഭയോഗം കഴിഞ്ഞാൽ അതിലെ തീരുമാനങ്ങൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കാനും വിവിധ സംഘടനാസംവിധാനങ്ങൾക്ക് വിതരണം നടത്താനും സംവിധാനം ഉണ്ടാവണം.
- യോഗത്തിൽ പ്രമേയങ്ങൾ അവതരിപ്പിക്കാൻ അംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കും. എന്നാൽ അറിയിപ്പ് ലഭിക്കുമ്പോൾ മുതൽ യോഗം തുടങ്ങുന്നതിനും അഞ്ചുമണിക്കൂറിനുമുമ്പ് പ്രമേയം അധ്യക്ഷന് ലഭ്യമാക്കണം. അധ്യക്ഷൻ അത് അവതരണയോഗ്യമാണോന്ന് നോക്കിവേണം അവതരണാനുമതി നൽകാൻ. ഇല്ലെങ്കിൽ കാരണം ബോദ്ധ്യപ്പെടുത്തണം.
- യോഗശേഷം അയൽസഭയ്ക്ക് പുറത്തേക്ക് പോകേണ്ട തീരുമാനങ്ങൾ കൃത്യമായി അയക്കാൻ വേണ്ട നടപടി കമ്മറ്റിക്ക് വേണ്ടി സെക്രട്ടറി ചെയ്തിരിക്കണം.
- എല്ലാ ജനുവരിയിലും അയൽസഭ സ്വന്തം പ്രോജക്ട് തയ്യാറാക്കി ജനറൽബോഡിയിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്.
- അയൽസഭ സംഘടിപ്പിക്കുന്ന പരിപാടികൾ പ്രോജക്റ്റ് രൂപത്തിൽ തയ്യാറാക്കി കമ്മറ്റിയിൽ ചർച്ച ചെയ്ത് വേണം നടപ്പിലാക്കാൻ.
- എല്ലാ അംഗങ്ങൾക്കും പങ്കെടുക്കാൻ പറ്റിയസമയത്തും സ്ഥലത്തുമായിരിക്കണം യോഗം ചേരേണ്ടത്.
- യോഗത്തിലേക്ക് പ്രത്യേക ആവശ്യത്തിനായി ഉദ്യോഗസ്ഥർ, വിദഗ്ധർ, ജനപ്രതിനിധികൾ എന്നിവരെ ക്ഷണിക്കാവുന്നതാണ്.
- യോഗത്തിന്റെ അംഗീകാരം വാങ്ങാതെ ചെയ്ത കാര്യങ്ങൾ തൊട്ട് അടുത്ത യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
- പഞ്ചായത്ത്, വാർഡ് തലത്തിൽ നിന്നും വരുന്ന പരിപാടികൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്ത് എത്രയും ഫലപ്രദമായി നിർവ്വഹിക്കാൻ സംവിധാനം ഉണ്ടാക്കണം.

- യോഗങ്ങൾ ഔപചാരികതകൾ കുറച്ച് പരമാവധി അനൗപചാരികമാക്കാനും സൗഹൃദ അന്ത രീക്ഷം സൃഷ്ടിക്കാനും കഴിയണം.
- യോഗത്തിന്റെ അജണ്ട ചെയർപേഴ്സൺ, കൺവീനർ എന്നിവർ ചേർന്ന് തയ്യാറാക്കണം. നോട്ടി സിനോടൊപ്പം അജണ്ടയും അംഗങ്ങൾക്ക് ലഭ്യമാക്കണം.
- ഓരോ യോഗത്തിന് മുന്നേയും ചെയർപേഴ്സൺ, കൺവീനർ, വൈസ് ചെയർപേഴ്സൺ, ജോ. കൺവീനർമാർ എന്നിവരുടെ യോഗം ചേർന്ന് കൃത്യമായ പ്ലാനിങ്ങ് നടത്തണം, ആശയവ്യക്തത ഉണ്ടാക്കണം.

## 10. അയൽസഭയും ഉപസമിതികളും

**അ**യൽസഭയ്ക്ക് പ്രവർത്തനകമ്മിറ്റികൾക്ക് രൂപം നൽകിയത് പരമാവധി ആളുകൾക്ക് പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുക എന്നത് കൂടിയാണ് ലക്ഷ്യം. ഓരോ പ്രവർത്തനകമ്മറ്റികളും അവരുടെ വിഷയത്തിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഓരോ പ്രവർത്തനകമ്മറ്റിയ്ക്കും സ്വതന്ത്രമായി കൂടാനും അവരവരുടെ മേഖലയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും അധികാരമുണ്ടായിരിക്കും. എന്നാൽ അവർ തയ്യാറാക്കുന്ന പരിപാടികൾ ഒരു പ്രോജക്റ്റ് രൂപത്തിൽ തയ്യാറാക്കി അയൽസഭയുടെ യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. ഇത് ആവർത്തനം ഒഴിവാക്കാനും, സംയോജനവും ഉദ്ഗ്രഥനവും സാധ്യമാക്കാനും ആശയവ്യക്തത വരത്താനും സഹായകമാകും.

അയൽസഭ തയ്യാറാക്കുന്ന പരിപാടികൾ വാർഡ്, പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട പ്രവർത്തനകമ്മറ്റികൾ നടത്തുന്ന പരിപാടികൾ വിജയിപ്പിക്കൽ എന്നിവയും പ്രവർത്തകകമ്മറ്റിയുടെ ഉത്തരവാദിത്വമായിരിക്കും. അയൽസഭയുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നെ ഫെബ്രുവരിയോടെ ഓരോ സബ്കമ്മറ്റിയും അവരുടെ ബഡ്ജറ്റ് തയ്യാറാക്കി അയൽസഭക്ക് നൽകേണ്ടതാണ്.

അയൽസഭയിൽ പ്രവർത്തന കമ്മറ്റികൾ കൂടാതെ വേറെയും ഉപസമിതികൾ ഉണ്ടായിരിക്കും. ഉദാഹരണമായി കുടുംബശ്രീ റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, കൃഷിയുമായി ബന്ധപ്പെട്ട കമ്മറ്റികൾ തുടങ്ങിയവ. ഇവരുടെ പ്രവർത്തനറിപ്പോർട്ട് തുടർപ്രവർത്തനങ്ങൾ എന്നിവ അയൽസഭയിൽ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അവസരം ഉണ്ടാവണം. കൂടാതെ അയൽസഭയുടെ വാർഷിക റിപ്പോർട്ട് കർമ്മപരിപാടി ബഡ്ജറ്റ് എന്നിവയിൽ പ്രവർത്തനകമ്മറ്റികൾ പോലെ ഉപസമിതികൾക്കും പ്രാധാന്യം ഉണ്ടാവണം. അയൽസഭയുടെ മൊത്തം പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും വിജയിപ്പിക്കാനും ഉപസമിതികൾക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കും. എന്നാൽ അയൽസഭ പ്രവർത്തനകമ്മറ്റികൾ ഉപസമിതി എന്നിവയുടെ ഒരു പ്രവർത്തനവും പാരലൽ ആകാനോ ആവർത്തനമുള്ളത് ആകാനോ ഇടവരുത്. അതിനാണ് അയൽസഭയിൽ അവതരിപ്പിച്ച് ഒറ്റ പ്ലാൻ ഉണ്ടാക്കണം എന്ന് സൂചിപ്പിച്ചത് കൂടാതെ ഉപസമിതികളുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ വേണ്ടി കൂട്ടായി പ്രവർത്തിക്കുകയും വേണം.

എന്നാൽ ഒരു ഉപസമിതി (കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, പാടശേഖരസമിതി, ക്ലബ്ബുകൾ തുടങ്ങിയവ) ഒന്നിൽ കൂടുതൽ അയൽസഭയിലായി പ്രവർത്തനമേഖല ഉണ്ടെങ്കിൽ ബഹുഭൂരിപക്ഷവും ഏത് അയൽസഭയിലാണോ, ആ അയൽസഭയുമായി ചേർന്ന് വേണം പ്രവർത്തിക്കാൻ.

## 11. അയൽസഭ- പ്രോജക്റ്റും ബഡ്ജറ്റും തയ്യാറാക്കൽ

**അ**യൽസഭയിലും പ്രവർത്തന കമ്മറ്റികളിലും ഉപസമിതികളിലും ചെയ്യേണ്ട പരിപാടികൾ എല്ലാം പ്രോജക്റ്റ് രൂപത്തിൽ തയ്യാറാക്കിവേണം ചെയ്യാൻ. എങ്കിലേ അത് എങ്ങനെ, ആരൊക്കെചേർന്ന് എങ്ങനെ കൃത്യമായ ലക്ഷ്യത്തിൽ എത്തിചേരാൻ കഴിയൂ എന്ന് മുൻകൂട്ടി തീരുമാനിക്കാനാകൂ. ഇത് കൂടാതെ ഗ്രാമസഭയിൽ വാർഡ് സഭയിൽ ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളിൽ ഏജൻസികളിലൊക്കെ കൊടുക്കുമ്പോൾ കൃത്യമായി പ്രോജക്റ്റ് രൂപത്തിൽ തയ്യാറാക്കിവേണം നൽകാൻ. പ്രോജക്റ്റ് തയ്യാറാക്കാനായി സ്വീകരിക്കാവുന്ന ഏറ്റവും നല്ല രീതി പഞ്ചാ

യത്തുകളുടെ പ്രോജക്റ്റ് തയ്യാറാക്കുന്ന രീതിതന്നെയാണ്. ഒരു പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ അതിൽ എന്തെല്ലാം ഘടകങ്ങൾ ഉണ്ടാവണം എന്ന് നോക്കാം.

**തലക്കെട്ട്**

തയ്യാറാക്കുന്ന പ്രോജക്റ്റിന്റെ വിഷയത്തെ പൂർണ്ണമായും പ്രതിഫലിക്കുന്നതാവണം തലക്കെട്ട് അഥവാ പ്രോജക്റ്റിന്റെ പേര്.

**ആമുഖം**

ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടിയുടെ ആവശ്യകത, പ്രശ്നരൂക്ഷത, ഈ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്, ഉണ്ടാകുന്നമൊത്തം നേട്ടം എന്നിവ വിവരിക്കുന്ന തരത്തിൽ ആയിരിക്കണം.

**പ്രധാന പ്രശ്നങ്ങൾ**

പ്രശനങ്ങളുടെ ലഘുഗുരുത്വം, ഏറ്റക്കുറച്ചിൽ അനുസരിച്ച് ഇവിടെ ലിസ്റ്റ് ചെയ്യണം.

**ഉദ്ദേശ്യലക്ഷ്യം**

മുൻഗണനാക്രമത്തിൽ പ്രധാനലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും നമ്പരിട്ട് എഴുതണം. ലക്ഷ്യങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ വേണം എഴുതാൻ.

**ഗുണഭോക്താക്കൾ**

ഇതിന്റെ ഗുണഫലം ലഭിക്കുന്നവർ ഏത് വിഭാഗത്തിൽപ്പെട്ടവർ, എത്രപേർ, പരോക്ഷഗുണം ലഭിക്കുന്ന എത്രപേർ. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതുണ്ടെങ്കിൽ അതിന്റെ അർഹതാമാനദണ്ഡവും, മുൻ ഗണനാ മാനദണ്ഡവും എന്തായിരിക്കണം എന്ന് കൃത്യമായി എഴുതണം.

**പ്രവർത്തനങ്ങൾ**

ഈ  പരിപാടി വിജയിപ്പിക്കുവാൻ തുടക്കം മുതൽ അവസാനം വരെ ചെയ്യേണ്ട കാര്യങ്ങൾ മുൻഗണനാ ക്രമത്തിൽ ലിസ്റ്റ് ചെയ്യണം. കൂടാതെ എന്ന് തുടങ്ങി എന്ന് അവസാനിപ്പിക്കാൻ കഴിയും എന്ന് കാണിക്കുന്ന ഒരു പ്രവർത്തനകലണ്ടറും തയ്യാറാക്കണം.

**സംഘാടനം**

ഓരോ പ്രവർത്തനവും പ്രവർത്തനങ്ങളും ആര് ആരൊക്കെ, എങ്ങനെ ചെയ്യും എന്ന് കാണിക്കുന്നതാത് സംഘാടനം. ഇതിന് പ്രത്യേക സംഘാടക സമിതിക്ക് രൂപം നൽകേണ്ടതുണ്ടെങ്കിൽ ഇതിന്റെ ഘടന അടക്കം ഇവിടെ വിശദീകരിക്കണം.

**ധനകാര്യവിശകലനം**

ഓരോപ്രവർത്തിയും ചെയ്യാൻ, സംഘടിപ്പിക്കുവാൻ എത്രരൂപ, സന്നദ്ധപ്രവർത്തനം വേണ്ടിവരും വിഭവസമാഹരണ രീതി, സ്രോതസ്, ധനവിനിയോഗ രീതി തുടങ്ങിയവ കൃത്യമായി ഇവിടെ വിശദീകരിക്കണം.

**റിസ്ക്ക്**

ഈ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ അഭിമുഖീകരിക്കുവാൻ സാധ്യതയുള്ള വെല്ലുവിളികൾ എന്തായിരിക്കും. അവതരണം ചെയ്യാൻ എന്തൊക്കെ ചെയ്യും എന്നീകാര്യങ്ങൾ ഇവിടെ വിശദീകരിക്കണം.

**നേട്ടങ്ങൾ**

ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന പ്രത്യക്ഷ, പരോക്ഷ നേട്ടങ്ങൾ മുൻഗണനാ ക്രമത്തിൽ വിവരിക്കണം. ഗുണപരവും ഗുണവരവുമായ നേട്ടങ്ങൾ വിവരിക്കണം.

**മോണിറ്ററിങ്ങ്**

ഈ പരിപാടി ആര് എങ്ങനെ മോണിറ്റർ ചെയ്യും എന്ന് വിശദീകരിക്കണം.

ഒരു അയൽസഭക്ക് തയ്യാറാക്കുന്ന പ്രോജക്ടുകൾ പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കണം.

## 12. അയൽസഭ സൂക്ഷിക്കേണ്ട രേഖകൾ

**അ**യൽസഭ ഒരു ഔദ്യോഗിക സംവിധാനം എന്നനിലയിൽ ചുവടെ കൊടുത്തിട്ടുള്ള രേഖകളുടെ രജിസ്റ്ററുകളും അയൽസഭകൾ സൂക്ഷിക്കേണ്ടതാണ്.

1. മിനിറ്റ് ബുക്ക്
2. വീടുകളുടെ രജിസ്റ്റർ
3. സബ്കമ്മിറ്റി മിനിറ്റുകൾ
4. പ്രോജക്റ്റ് ഫയൽ
5. പരാതി രജിസ്റ്റർ
6. റിപ്പോർട്ട് ഫയൽ
7. കത്തുകൾ-ഫയൽ- രജിസ്റ്റർ
8. കണക്ക് ബുക്കുകൾ
9. രസീത്, വൗച്ചർ ബുക്കുകൾ
10. ലറ്റർ പാട്, സീൽ

അധികാരവികേന്ദ്രീകരണത്തിനും വികേന്ദ്രീകൃത ആസുത്രണത്തിനും ആക്കം കൂട്ടാൻ അതിലെ പങ്കാളിത്തം കൃയാത്മകമാക്കാൻ ശക്തവും സുതാര്യവുമായ ഒരു ഭരണം കാഴ്ചവക്കാൻ, ഇതിന്റെ ഫലം ഓരോ പൗരനിലും എത്തിക്കാൻ സഹായകമായ ഒരു സംവിധാനമാണ് അയൽസഭ രൂപീകരണവും അതിന്റെ പ്രവർത്തനങ്ങളും.

നിങ്ങളുടെ പഞ്ചായത്തിൽ അയൽസഭ രൂപീകരിക്കാനും അതിന്റെ പ്രവർത്തനങ്ങൾ നടത്താനും എല്ലാവിധ സഹായവും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നൽകുന്നതാണ്.

### അനുബന്ധം 1

**.................................................... ഗ്രാമപഞ്ചായത്ത്**

## അയൽസഭ കമ്മിറ്റിവിവരം
## ശേഖരിക്കാനുള്ള ഫോറം

**വാർഡിന്റെ പേര്:** ..................................................................................

| ക്രമ നമ്പർ | തസ്തിക | പേരും വിലാസവും | ഫോൺ നമ്പർ |
|---|---|---|---|
| 1 | ചെയർപേഴ്സൺ | | |
| 2 | വൈസ് ചെയർപേഴ്സൺ | | |
| 3 | കൺവീനർ | | |
| 4 | ജോ. കൺവീനർ | | |
| 5 | അംഗങ്ങൾ/ സബ്കമ്മിറ്റി ചുമതല | | |

ചെയർപേഴ്സൺ                                                                                                    കൺവീനർ

കുറിപ്പ്: ഇത് പ്രിന്റ് ചെയ്യുമ്പോൾ എഴുതാൻ ആവശ്യത്തിന് സ്ഥലം ഇടാൻ മറക്കരുത്.

### അനുബന്ധം 2

## അയൽസഭരൂപീകരണ
## പരിശീലന വിഷയങ്ങൾ

| | |
|---|---|
| രജിസ്ട്രേഷൻ | : 9–10 |
| ഉദ്ഘാടനം | : 10–10–15 |
| അയൽസഭ എന്ത് എന്തിന് | : 10–15–11 |
| അയൽസഭ രൂപീകരണം | |
| സംഘടനാ സംവിധാനം | : 1112 |
| ഗ്രൂപ്പ് ചർച്ച, പ്ലാനിംഗ് | : 12–1 |
| സമാപനം | : 1–1.30 |

### അനുബന്ധം 3

## അയൽക്കൂട്ട രൂപീകരണം യോഗത്തിന്റെ അജണ്ട

സ്വാഗതം : പ്രദേശത്തുള്ള ഒരാൾ
അദ്ധ്യക്ഷൻ : ആ പ്രദേശത്തെ മുതിർന്ന ഒരാൾ
ഉദ്ഘാടനം : വാർഡ് മെമ്പർ
അയൽസഭ എന്ത്,
എന്തിന്, തെരഞ്ഞെടുപ്പ്
രീതി, സംഘടനാ
സംവിധാനം : പരിശീലനം കിട്ടിയ ഒരാൾ
തെരഞ്ഞെടുപ്പ് :
സത്യപ്രതിജ്ഞ :
അധികാരമേൽക്കൽ :
സമാപനം :

### അനുബന്ധം 4

## അയൽക്കൂട്ട വാർഷികങ്ങളുടെ കാര്യപരിപാടി (മോഡൽ)

1. കുടുംബങ്ങൾ പരിചയപ്പെടുത്തൽ
2. ഉത്ഘാടന സമ്മേളനം
3. റിപ്പോർട്ട് കണക്ക്, അവതരണം ചർച്ച
4. ഭാവിപരിപാടി അവതരണം ചർച്ച
5. ബജറ്റ് അവതരണം ചർച്ച
6. ആദരിക്കൽ
7. അംഗീകാരങ്ങൾ നൽകൽ
8. കലാപരിപാടികൾ
9. സമ്മാനങ്ങൾ നൽകൽ

### അനുബന്ധം 5

## അയൽസഭയുടെ അജണ്ട

സ്വാഗതം
അദ്ധ്യക്ഷ പ്രസംഗം
റിപ്പോർട്ട് കണക്ക് അവതരണം
ചർച്ച
ഉപസമിതി, സബ്കമ്മിറ്റി റിപ്പോർട്ട്
അവതരണം ചർച്ച
പ്രമേയങ്ങൾ അവതരണം
ഭാവിപരിപാടികൾ അലോചിക്കൽ തയ്യാറാക്കൽ
ഉത്തരവാദിത്വങ്ങൾ നൽകൽ
സമാപനം